## സബ്മിഷൻ

### (1) മലയാളികളുടെ മോചനം

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, സൊമാലിയൻ കടൽക്കൊള്ളക്കാർ തട്ടിക്കൊണ്ടുപോയി 9 മാസമായി തടവിൽ പാർപ്പിച്ചിരിക്കുന്ന മലയാളികളെ മോചിപ്പിക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. 2012 മാർച്ച് 2-നാണ് സൊമാലിയൻ കടൽക്കൊള്ളക്കാർ നൈജീരിയൻ കപ്പലായ എം.ഡി. റോയർ ഗ്രേസ് റാഞ്ചുകയും അതിലെ ജീവനക്കാരായ 5 മലയാളികൾ ഉൾപ്പെടെ 17 ഓളം ഇൻഡ്യൻ പൗരന്മാരെ തട്ടിക്കൊണ്ടുപോവുകയും ചെയ്തത്. ഇരിങ്ങാലക്കുട കരിവണ്ണൂർ മംഗലത്ത് ശ്രീ. വിൻസന്റിന്റെ മകൻ 21 വയസ്സുള്ള സ്റ്റാൻലി വിൻസന്റ്, മാപ്രാണം അരങ്ങത്തുപറമ്പിൽ ശ്രീ. ഡേവിസിന്റെ മകൻ ഡിബിൻ ഡേവിഡ് കൊല്ലം ചടയമംഗലം സ്വദേശി മനീഷ് മോഹൻ, തിരുവനന്തപുരം മലയം സ്വദേശി അർജ്ജുനൻ, ഒറ്റപ്പാലം സ്വദേശി കെ.സി. മിഥുൻ  എന്നിവരാണ് ഈ മലയാളികൾ. ഈ ആവശ്യം ഉന്നയിച്ച് കഴിഞ്ഞ സമ്മേളനത്തിലും ഞാൻ സബ്മിഷൻ ഉന്നയിച്ചിരുന്നു. 17 കോടി രൂപ മോചനദ്രവ്യമായി കൊടുത്തില്ലെങ്കിൽ ബന്ദികളെ വധിക്കുമെന്ന് കടൽക്കൊള്ളക്കാർ ഭീഷണി മുഴക്കിയിരിക്കുകയാണ്. ഇന്ന് ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് ആക്ഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ  സെക്രട്ടറിയേറ്റ് പടിക്കൽ ഉപവാസം അനുഷ്ഠിക്കുകയാണ്. സൊമാലിയൻ കടൽക്കൊള്ളക്കാരുടെ തടവിൽ കഴിയുന്ന എല്ലാ

വരേയും മോചിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതുമായി ബന്ധപ്പെട്ട് ഒരുപാട് കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. ഇനിയും താമസി ക്കരുതെന്ന് കടൽക്കൊള്ളക്കാർ അന്ത്യശാസനം നൽകിയിരിക്കുകയാണ്, വധിക്കുമെന്ന് ഭീഷണി ഉയർന്നിരിക്കുന്നു. ബന്ദികളാക്കപ്പെട്ട ഈ മലയാ ളികളെ അടിയന്തരമായി രക്ഷിക്കുന്നതിന് ആവശ്യമായ നടപടി സ്വീ കരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ഇത് വളരെ ഗുരുതരമായ ഒരു പ്രശ്നമാണ്. ഇതിനോടകം തന്നെ ഗവൺമെന്റ് ഇക്കാര്യത്തിൽ ഇടപെട്ടിട്ടു ണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ചത് ഈ വർഷം മാർച്ചിൽ ഉണ്ടായ സംഭവമാണ്. 2 കൊല്ലമായി സൊമാലിയൻ കടൽക്കൊള്ളക്കാ രുടെ പിടിയിലകപ്പെട്ടിട്ടുള്ള മലയാളികളടക്കമുള്ള ഇൻഡ്യാക്കാരെ രക്ഷ പെടുത്തുന്നതിന് തുടർച്ചയായ ശ്രമം നടന്നുവരികയാണ്. റോയൽ ഗ്രേസ് എന്ന ഓയിൽ ടാങ്കർ കൊള്ളക്കാർ തട്ടിയെടുത്ത വിവരം 23-3-2012-ൽ തൃശൂർ കളക്ടർ ഗവൺമെന്റിനെ അറിയിച്ചു. 24-3-2012-ൽ തന്നെ കേന്ദ്ര വിദേശകാര്യ മന്ത്രിക്ക് കത്തയച്ചു. ഈ പ്രവർത്തനങ്ങളുടെ കോ-ഓർഡി നേഷൻ വരുന്നത് ദുബായിൽ നിന്നാണ്. എല്ലാ വിശദാംശങ്ങളും ഉൾക്കൊ ള്ളിച്ചുകൊണ്ട് യു.എ.ഇ.-ലെ ഇൻഡ്യൻ അംബാസിഡർക്കും ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗിനും കത്തയച്ചിട്ടുണ്ട്. ഡൽഹിയിൽ കേന്ദ്ര ഗവൺ

മെന്റ് ഒരു കോ-ഓർഡിനേഷൻ കമ്മിറ്റി ഉണ്ടാക്കിയിട്ടുണ്ട്. അതിന്റെ നോഡൽ ഓഫീസർ ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗാണ്. അദ്ദേഹത്തിനും വിശദമായ കത്തയച്ചു. കേന്ദ്രമന്ത്രിയുടെ മറുപടി ഏപ്രിൽ ആദ്യംതന്നെ ലഭിച്ചു. ദുബായ് കൗൺസിൽ ജനറലിനും ബന്ധപ്പെട്ട മറ്റ് അധികാരികൾക്കും ആവശ്യമായ നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രധാനമന്ത്രിയും ഇക്കാര്യത്തിൽ ഇടപെട്ടിട്ടുണ്ട്. ഇതിനുവേണ്ടി ഒരു ക്യാബിനറ്റ് സബ്കമ്മിറ്റി കൂടിയിട്ടുണ്ട്. ഇതിൽ രണ്ട് പ്രശ്നങ്ങളാണുള്ളത്. റോയൽ ഗ്രേസ് കപ്പലൊക്കെ കപ്പലോടുകൂടി കൊള്ളക്കാരുടെ പിടിയിലിരിക്കുന്നവരെ മോചനദ്രവ്യം കൊടുത്താൽ മാത്രമേ വിട്ടയയ്ക്കുകയുള്ളു. അതിനുവേണ്ടിയുള്ള ചർച്ചകൾ പുരോഗമിച്ചുവരികയാണ്. കപ്പലിലല്ലാതെ രാജ്യത്ത് കൊണ്ടുപോയി തടങ്കലിൽ പാർപ്പിച്ചിരിക്കുവന്നവരുമുണ്ട്. അതിൽ കപ്പൽ വിട്ടുകൊടുത്തത് മോചനദ്രവ്യം വാങ്ങിയിട്ടാണ്. പക്ഷേ ഇൻഡ്യാക്കാരായ ജീവനക്കാരെ അവർ വിട്ടിട്ടില്ല. അവർ അവരുടെ രാജ്യത്ത് കൊണ്ടുപോയി താമസിപ്പിച്ചിരിക്കുകയാണ്. അതിനവർ ഉന്നയിച്ചിരിക്കുന്ന ഡിമാന്റ് എന്നു പറയുന്നത്, നമ്മുടെ നേവി പിടിച്ച് ബോംബെ ജയിലിൽ പാർപ്പിച്ചിരിക്കുന്ന കടൽക്കൊള്ളക്കാരെ മോചിപ്പിക്കണമെന്നുള്ളതാണ്. കേന്ദ്രഗവൺമെന്റ് തത്വത്തിൽ അതിനോട് യോജിപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. ഈ രണ്ട് വിധത്തിലുള്ള ചർച്ചകളാണ് ഇപ്പോൾ നടക്കുന്നത്. റോയൽ ഗ്രേസും അതോടൊപ്പം തട്ടിക്കൊണ്ടുപോയ മറ്റൊരു കപ്പലും മോചിപ്പിക്കണമെ

ങ്കിൽ മോചനദ്രവ്യം കൊടുക്കണമെന്നത് സംബന്ധിച്ചും അവരുടെ ആളുകളെ മോചിപ്പിച്ചാൽ നമ്മുടെ ആളുകളെ വിട്ടയയ്ക്കാം എന്നുള്ളത് സംബന്ധിച്ചും ചർച്ച ചെയ്യുന്നുണ്ട്. പ്രധാനമന്ത്രി തന്നെ ഇക്കാര്യത്തിൽ ഇടപെട്ടിട്ടുണ്ട്. പ്രത്യേകം ശ്രദ്ധിച്ച് സാദ്ധ്യമായ എല്ലാ കാര്യങ്ങളും ചെയ്യുമെന്ന് പറയാൻ ആഗ്രഹിക്കുന്നു.

## (2) ഐ.ഒ.സി. ബോട്ട്ലിംഗ് പ്ലാന്റ് മാറ്റിസ്ഥാപിക്കൽ

ശ്രീ. കെ. എൻ. എ. ഖാദർ : സർ, എന്റെ നിയോജമണ്ഡലത്തിലെ ചേളാരി പ്രദേശത്താണ് കേരളത്തിലെ 3 ബോട്ട്ലിംഗ് പ്ലാന്റുകളിൽ ഐ.ഒ. സി. യുടെ ഒരു ബോട്ട്ലിംഗ് പ്ലാന്റ് സ്ഥിതി ചെയ്യുന്നത്. ആ ബോട്ട്ലിംഗ് പ്ലാന്റിന്റെ പഴയ ടെക്നോളജി അനുസരിച്ചുള്ള സംഭരണികളാണ് ഇപ്പോൾ നിലവിലുള്ളത്. ചാലയിൽ ഉണ്ടായ പാചകവാതക സിലിണ്ടർ അപകടത്തെത്തുടർന്ന് ജനങ്ങൾക്കിടയിൽ വലിയ ആശങ്ക ഉണ്ടാക്കിയിട്ടു ണ്ട്. ഈ ബോട്ട്ലിംഗ് പ്ലാന്റ് സ്ഥിതി ചെയ്യുന്നത് വളരെ ജനസാന്ദ്രത കൂടിയ നാഷണൽ ഹൈവേയുടെ ഓരത്താണ്. അവിടെയുള്ള ഫില്ലിംഗ് മെഷീനുകളുടെ എണ്ണം വർദ്ധിപ്പിക്കാനും സംഭരണശേഷി വർദ്ധിപ്പി ക്കാനും ബോട്ട്ലിംഗ് പ്ലാന്റ് മാനേജ്മെന്റ് ശ്രമിച്ചുവരികയാണ്. അതിനെ തിരെ ആ പ്രദേശത്തെ ആളുകൾ സംഘടിച്ച് ആക്ഷൻ കൗൺസിൽ ഉണ്ടാക്കി, പല തരത്തിലുള്ള സമരങ്ങൾ നടത്തിവരികയാണ്. അതിന്റെ കപ്പാസിറ്റി 1800 മെട്രിക് ടൺ ആയി വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങളാണ് ഇപ്പോൾ നടത്തിവരുന്നത്. പുതിയ ടെക്നോളജി ഉപയോഗിക്കാതെ പഴയ രീതിയിലുള്ള സംഭരണികളാണ്. ജനസാന്ദ്രത കൂടിയ പ്രദേശത്ത് ഈ പ്ലാന്റ് പ്രവർത്തിക്കുന്നതുകൊണ്ട് വളരെ ബുദ്ധിമുട്ടും ആശങ്കയും ഉണ്ടാ കുന്നുണ്ട്. പ്ലാന്റ് സ്ഥാപിച്ച കാലത്ത് ഈ പ്രദേശത്ത് ഇത്രയും ജന സാന്ദ്രത ഉണ്ടായിരുന്നില്ല. ഈ പ്ലാന്റിൽ നിന്നും പാചകവാതക സിലിണ്ടറു

കൾ മലബാറിലെ എല്ലാ ജില്ലകളിലേക്കുമാണ് കൊണ്ടുപോകുന്നത്. മലബാറിലെ ഇതര ജില്ലകളിലോ മലപ്പുറം ജില്ലയിലോ ജനവാസം കുറഞ്ഞ പ്രദേശങ്ങളുണ്ട്. അതുകൊണ്ട് ബോട്ട്ലിംഗ് പ്ലാന്റിൽ സംഭരണശേഷി വർദ്ധിപ്പിക്കാതിരിക്കുന്നതും വർദ്ധിപ്പിക്കുന്നതും ഇപ്പോഴുള്ള രീതിയിൽ നിലനിർത്തുന്നതുമൊക്കെ അപകടങ്ങളെക്കുറിച്ചുള്ള ആശങ്കകൾ ഒഴിവാക്കാൻ പര്യാപ്തമല്ല. അതുകൊണ്ട് ജനസാന്ദ്രത കുറഞ്ഞ ഒരു പ്രദേശത്തേക്ക് ഈ ബോട്ട്ലിംഗ് പ്ലാന്റ് മാറ്റിസ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ, ബഹുമാനപ്പെട്ട കേരളാ ഗവൺമെന്റിന്റെ സമ്മർദ്ദത്തോടുകൂടി സ്വീകരിക്കുന്നതിനുള്ള നടപടിയുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, മലപ്പുറം ജില്ലയിലെ ചേളാരിയിൽ സ്ഥിതി ചെയ്യുന്ന ഇൻഡ്യൻ ഓയിൽ കോർപ്പറേഷന്റെ ബോട്ട്ലിംഗ് പ്ലാന്റ് കമ്മീഷൻ ചെയ്തത് 1992-ൽ ആണ്. കേരളത്തിലെ വടക്കൻ ജില്ലകളിൽ എൽ.പി..ജി. വിതരണം നടത്തുന്നതിനായി പ്രധാനമായും ഈ ബോട്ട്ലിംഗ് പ്ലാന്റ് മാത്രമാണ് നിലവിലുള്ളത്. പ്ലാന്റ് നിർമ്മാണത്തിനായി ടി സ്ഥലം ഐ.ഒ.സി. വാങ്ങുന്ന സമയത്ത് ഈ സ്ഥലം ജനസാന്ദ്രതയേറിയതായിരുന്നില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ, ഇന്നവിടെ ജനസാന്ദ്രത കൂടിയിട്ടുണ്ട്. ഈ പ്ലാന്റ് നാഷണൽ ഹൈവേയുടെ ഓരത്താണെന്ന് പറഞ്ഞതെല്ലാം ശരിയാണ്. ഇത്രയും രൂപ മുടക്കി

സ്ഥാപിച്ച പ്ലാന്റ് മാറ്റുകയെന്നുപറഞ്ഞാൽ വടക്കൻ മലബാറിലെ ഗ്യാസ് വിതരണം കുഴപ്പത്തിലാകുമെന്നാണ് ഐ.ഒ.സി. യുടെ നിലപാട്. കേന്ദ്ര പെട്രോളിയം പ്രകൃതി വാതകമന്ത്രാലയം അനുശാസിക്കുന്ന സുരക്ഷാമാനദണ്ഡങ്ങളെല്ലാം പാലിച്ചുകൊണ്ടാണ് പ്ലാന്റ് നിർമ്മാണം നടത്തിയിരിക്കുന്നതെന്നും സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഫാക്ടറീസ് ആന്റ് ബോയ്‌ലേഴ്സ് ഡയറക്ടറേറ്റ്, പൊല്യൂഷൻ കൺട്രോൾ ബോർഡ്, ഫയർ സർവ്വീസസ് എന്നീ സ്ഥാപനങ്ങളിൽ നിന്നുള്ള അംഗീകൃത ലൈസൻസോടുകൂടിയാണ് പ്ലാന്റ് പ്രവർത്തിക്കുന്നതെന്നുമാണ് ഐ.ഒ. സി. ഗവൺമെന്റിനെ അറിയിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ആശങ്ക ഉൾക്കൊള്ളുന്നു. പക്ഷേ, ഈ സാഹചര്യത്തിൽ ഗവൺമെന്റിന് ഇടപെടുന്നതിന് പരിമിതികളുണ്ട്. ശ്രീ. കെ.എൻ. എ. ഖാദർ ഇവിടെ ഉന്നയിച്ച പ്രശ്നം ഗവൺമെന്റ് പരിശോധിക്കും.

## (3) ഫിലിം സിറ്റി

ശ്രീ. എം. ഹംസ : സർ, ഒറ്റപ്പാലത്ത് ഫിലിം സിറ്റി സ്ഥാപിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള സബ്മിഷനാണിത്. ഒറ്റപ്പാലത്ത് ഫിലിംസിറ്റി അനുവദിക്കുന്നതിനുവേണ്ടി ഡോ. ടി.എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റിൽ 50 ലക്ഷം രൂപ നീക്കിവച്ചിരുന്നു. കഴിഞ്ഞ ബഡ്ജറ്റിൽ ശ്രീ. കെ.എം. മാണി ഒരുകോടി രൂപയും അനുവദിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതുസംബന്ധിച്ച് ചേമ്പറിൽ യോഗം വിളിച്ചുചേർത്ത്, ഫിലിം സിറ്റിക്ക് അനുകൂലമായ നിലപാടെടുത്തുകൊണ്ട് മുന്നോട്ടുപോകാനുള്ള തീരുമാനമെടുക്കുകയുണ്ടായി. റവന്യൂ വകുപ്പ് കാഞ്ഞിരപ്പുഴ ഇറിഗേഷന്റെ സ്ഥലം തരുന്നതിനുള്ള എല്ലാ തടസ്സവാദങ്ങളും നീക്കുന്നതിനുവേണ്ടി ഇറിഗേഷൻ വകുപ്പുമന്ത്രി സഹായിക്കുകയും അതിന് ഉത്തരവിടുകയും ചെയ്തിട്ടുണ്ട്. സിനിമാ വകുപ്പ് കൈകാര്യം ചെയ്യുന്ന ശ്രീ. കെ. ബി. ഗണേഷ് കുമാർ ആ സ്ഥലം സന്ദർശിക്കുകയും നടപടി മുന്നോട്ട് കൊണ്ടുപോകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ടൂറിസം വകുപ്പിൽ ഉൾപ്പെടുത്തിക്കൊണ്ട് ഫിലിം ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്താനും ശ്രമിച്ചിട്ടുണ്ട്. ഇതെല്ലാം ഉണ്ടെങ്കിലും ഇറിഗേഷൻ വകുപ്പിൽ നിന്ന് സാംസ്കാരിക വകുപ്പിലേക്ക് സ്ഥലം കൈമാറ്റം ചെയ്യാൻ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ തത്വത്തിലെടുത്ത തീരുമാനം സാങ്കേതിക കാരണങ്ങളാൽ തടസ്സമായി നിൽക്കുകയാണ്. അതൊന്ന് വേഗത കൂട്ടിക്കൊണ്ട്....... ബഹുമാന്യരായ മുഖ്യമന്ത്രിയും ശ്രീ. കെ.ബി. ഗണേഷ് കുമാറും ശ്രീ. പി. ജെ.

ജോസഫും ടൂറിസം വകുപ്പുമന്ത്രിയും താൽപ്പര്യമെടുത്തിട്ടും ഉദ്യോഗസ്ഥ തലത്തിൽ ഇതുമായി ബന്ധപ്പെട്ട ഫയലുകൾ നീങ്ങി വകുപ്പുകൾ തിരിച്ച്.........ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷന് ഈ സ്ഥലം കൈമാറ്റം ചെയ്യുന്നതിനുവേണ്ടി കാലതാമസം നേരിട്ടിരിക്കുകയാണ്. അടുത്ത മാർച്ച് 31 ആകുമ്പോഴേക്കും പണം ചെലവഴിക്കാൻ കഴിയാത്ത സ്ഥിതി വന്നിരിക്കുന്നു. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ ശക്തമായി ഇടപെടണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് ആവശ്യപ്പെടാനുള്ളത്.

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, ഒറ്റപ്പാലത്തെ ഫിലിംസിറ്റി നടപ്പിലാക്കാൻ 14-2-.2012-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ ജലസേചന വകുപ്പിന്റെ 4 ഏക്കർ സ്ഥലം ഫിലിംസിറ്റിക്കായി വിട്ടുകൊടുത്തുകൊടുക്കാനുള്ള നടപടി സ്വീകരിക്കാൻ തീരുമാനമെടുത്തു അതിന്റെ അടിസ്ഥാനത്തിൽ 17-3-2012-ൽ ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി ഇക്കാര്യത്തിൽ എൻ.ഒ.സി. നൽകിക്കൊണ്ട് കത്ത് നൽകി. അതിനുശേഷം ബഹുമാനപ്പെട്ട എം.എൽ.എ.യോടൊപ്പം ഞാനവിടം സന്ദർശിച്ചു. എന്നിട്ട് ഞാൻ ഒരു പ്ലാനുണ്ടാക്കി. അതിനുശേഷം ഈ ഫയൽ റവന്യൂ വകുപ്പിലേക്ക് അയച്ചു. ഒറ്റപ്പാലം തഹസീൽദാർ ഇക്കാര്യം പരിശോധിച്ച് സ്കെച്ചും പ്ലാനും തയ്യാറാക്കി അതിന്റെ വില നിശ്ചയിച്ച് കളക്ടർക്ക് കൊടുത്തിട്ടുണ്ട് എന്നാണ് അവസാനമായി നമുക്ക് കിട്ടിയിരി

ക്കുന്ന വിവരം. കളക്ടർ 6-9-2012-ന് ചീഫ് എഞ്ചിനീയറുടെ കത്തിന്റെ പകർപ്പും സർവ്വെ സ്കെച്ച്, മഹസർ എന്നിവയുടെ പകർപ്പും കൂടി ജില്ലാ കളക്ടർക്ക് നൽകി സി.എൽ.ആർ. മുഖാന്തിരം റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതാണ്. ഉത്തരവിന് വിധേയമായി ആ കത്ത് അംഗീകരിച്ച് കളക്ടറുടെ റിപ്പോർട്ട് കിട്ടിയാൽ മാത്രമേ. റവന്യൂ വകുപ്പിന് ഈ സ്ഥലം സാംസ്കാരിക വകുപ്പിന് കൈമാറാനുള്ള നടപടി സ്വീകരിക്കാൻ കഴിയൂ. ജലസേചന വകുപ്പിന്റെ എൻ.ഒ.സി. കിട്ടിയിട്ടുണ്ട്. അത് ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും കണ്ട് കളക്ടറുടെ റിപ്പോർട്ട് വന്നുകഴിഞ്ഞാൽ ആ സ്ഥലം കൈമാറാൻ കഴിയും. അങ്ങയോടൊപ്പം ഞാനും ആ സ്ഥലം സന്ദർശിച്ചതോടുകൂടി ഫിലിം ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ വളരെ വേഗത്തിലുള്ള ഒരു പരിഷ്കരണ നടപടിയുടെ ഭാഗമായി ഈ സ്ഥലത്ത്.......... 2011-2012-ലെ ബഡ്ജറ്റിൽ 50 ലക്ഷം രൂപ അനുവദിച്ചിരുന്നു. അത് നമ്മൾ ഉപയോഗിച്ചില്ല. കഴിഞ്ഞ ബഡ്ജറ്റിലും ശ്രീ. കെ. എം. മാണിസാർ ഒരു കോടി രൂപ അനുവദിച്ചു. താങ്കൾ പറഞ്ഞതുപോലെ ഒന്നരക്കോടി രൂപ അനുവദിച്ചിട്ടുണ്ട്. പക്ഷെ 2011-2012-ൽ അനുവദിച്ച 50 ലക്ഷം രൂപയും ഉപയോഗിക്കാൻ കഴിഞ്ഞില്ല. അത് ഇനി സംഘടിപ്പിച്ചെടുക്കന്നത് ബുദ്ധിമുട്ടുള്ളകാര്യമാണ്. ഈ പ്രസംഗത്തിൽ വന്നതിന് അഡീഷണൽ ആതറൈസേഷൻ വാങ്ങി അതുംകൂടി വാങ്ങിയെടുത്ത് ഒന്നുരണ്ട് ആർട്ട് ഡയറക്ടർമാരേയും ഒരു ആർകിടെക്നേയും ചുമതലപ്പെടുത്തി ആശയവിനിമയം നടത്തി ആ

സ്ഥലം സന്ദർശിച്ച് ഒരു രൂപകല്പന ചെയ്തുവയ്ക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. കാരണം ബഹുമാനപ്പെട്ട മുഖ്യമന്ത്രി യോഗം ചേർന്ന് സ്ഥലം തരാൻ തീരുമാനിച്ചു. 4 ഏക്കറാണ് ചോദിച്ചത്. പക്ഷെ തഹസീൽദാർ കൊടുത്തിരിക്കുന്ന നടപടിയനുസരിച്ച് ഇറിഗേഷൻ വകുപ്പിന്റെ ചീഫ് എഞ്ചിനീയർ കൊടുത്ത റിപ്പോർട്ടിൽ 3.03 ഏക്കർ സ്ഥലമേ ലഭിക്കുകയുള്ളൂ. അതനുസരിച്ചുള്ള ഒരു പ്രൊപ്പോസൽ തയ്യാറാക്കാൻ ഫിലിം ഡെവലപ്പ്മെന്റ് കോർപ്പറേഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അത് റെഡിയായി വരുമ്പോൾ സൈമൾട്ടേനിയസിലി സ്ഥലം മാറിവന്നാൽ പെട്ടന്നുതന്നെ അവിടെ പണിതുടങ്ങാൻ സാധിക്കും.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഇവിടെ മിനിസ്റ്റർ ശ്രീ കെ. ബി. ഗണേഷ് കുമാർ പറഞ്ഞതുപോലെ ഫിലിംസിറ്റിയുടെ കാര്യമെല്ലാം നല്ല നിലയിൽതന്നെ മുമ്പോട്ട് പോകുന്നു. അതിനകത്ത് വന്നിരിക്കുന്നത് ചില സാങ്കേതിക പ്രശ്നങ്ങളാണ്. നമ്മൾ തീരുമാനമെടുത്തു. ആ തീരുമനമനുസരിച്ച് എല്ലാ ഡിപ്പാർട്ടുമെന്റുകളും പ്രവർത്തിച്ചിരിക്കുകയാണ്. 3 ഏക്കർ 91 സെന്റ് സ്ഥലം ഇതിനുവേണ്ടി അലോട്ട് ചെയ്യാൻ സാധിക്കുമെന്നുള്ള പ്രതീക്ഷയിൽ ഐഡന്റിഫൈ ചെയ്ത് സ്കെച്ച് തയ്യാറാക്കി കൊടുത്തു. ഇതിനകത്ത് 8 ക്വാർട്ടേഴ്സ് ഉണ്ട്. അത് ഒഴിവാക്കണമെന്ന് പറഞ്ഞു. അങ്ങനെ ഒഴിവാക്കിയാണ് 3 ഏക്കർ 3 സെന്റ് സ്ഥലം ഇപ്പോൾ വന്നിരിക്കുന്നത്. അതിനകത്തും കുറച്ച് ക്വാർട്ടേഴ്സും ഒരു ഓഫീസും

ജല സംഭരണിയുമുണ്ട്. അത് എങ്ങനെ വേണമെന്നുള്ളത് ആലോചിക്കണം. ഏതായാലും ഈ പറയുന്ന 3 ഏക്കർ 3 സെന്റ് സ്ഥലം ഇതിനുവേണ്ടി കൊടുക്കത്തക്ക വിധത്തിൽ കാര്യങ്ങൾ മുമ്പോട്ടുനീങ്ങുന്നുണ്ട്. ഇതിനകത്തുള്ള 14 ക്വാർട്ടേഴ്സിൽ 13 എണ്ണത്തിലും ജീവനക്കാർ താമസിക്കുന്നുണ്ട്. ഒരു ക്വാർട്ടേഴ്സിൽ ഒരു ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. ഇതിനൊരു പരിഹാരം കണ്ടെത്തണം. ബാക്കി കാര്യങ്ങൾ വളരെ വേഗത്തിൽ ആക്കാൻ സാധിക്കും. മറ്റ് നടപടികളെല്ലാം ശ്രീ. കെ. ബി. ഗണേഷ് കുമാർ മുമ്പോട്ടെടുത്തിട്ടുണ്ട്.

## (4) വന്യമൃഗ ശല്യം

ശ്രീ. റ്റി. യു. കുരുവിള: സർ, കോതമംഗലം നിയോജകമണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിലെ വാരിയർകുടി, കുഞ്ചിപ്പാറ, കുരിയംപെട്ടി ആദിവാസി മേഖലയിലെ ആദിവാസികൾ കാട്ടുമൃഗങ്ങളുടെ ശല്യം കാരണം വീടും കൃഷിസ്ഥലവും ഉപേക്ഷിച്ച് കണ്ടമ്പാറ പുഴതീരത്ത് താമസമാക്കിവരികയാണ്. സുരക്ഷിതമല്ലാത്ത ഒരു ജീവിതമാണ് അവരുടേത്. 11-6-2009-ൽ അന്നത്തെ മന്ത്രി യോഗം വിളിക്കുകയും അതനുസരിച്ച് നടപടി സ്വീകരിക്കാമെന്ന് സമ്മതിക്കുകയും ചെയ്തതാണ്. 18-4-2012-ൽ ബഹുമാനപ്പെട്ട പട്ടികവർഗ്ഗക്ഷേമ വകുപ്പുമന്ത്രിയും 26-6-2012-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വനം വകുപ്പുമന്ത്രിയും ചേർന്ന് യോഗം വിളിക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കാമെന്ന് പറയുകയും ചെയ്തു. 218 ആദിവാസികുടുംബങ്ങൾക്ക് വനാവകാശ നിയമപ്രകാരം ഭൂമി കൊടുക്കുന്നതിന് ആവശ്യമായ തീരുമാനമെടുക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, കഴിഞ്ഞ സഭാസമ്മേളനത്തിൽ ഈ വിഷയം ഇവിടെ ചർച്ച ചെയ്തതാണ്. അതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി 26-6-2012-ൽ ഈ വിഷയത്തെക്കുറിച്ച് ചർച്ച ചെയ്യാൻ യോഗം വിളിക്കുകയും ഏതാണ്ട് 978 ഏക്കർ ഭൂമിയിൽ താമസിക്കുന്ന 218 ആദിവാസി

കുടുംബങ്ങൾക്ക്........... വനത്തിനുള്ളിൽ വന്യമൃഗങ്ങളുടെയൊക്കെ ശല്യമുള്ള 7 കോളനികളാണ്. ബഹുമാനപ്പെട്ട പട്ടികവർഗ്ഗക്ഷേമ വകുപ്പുമന്ത്രി അവിടം സന്ദർശിക്കുകയും ഉടനെതന്നെ അവിടെയുള്ള ബുദ്ധിമുട്ടുകൾ എന്നോട് പറയുകയും ചെയ്തു. എനിക്ക് അത് ബോധ്യപ്പെട്ടു. 19-9-2012 -ൽ ബഹുമാനപ്പെട്ട പട്ടികവർഗ്ഗക്ഷേമ വകുപ്പുമന്ത്രിയും ഞാനുംകൂടെ ഉൾപ്പെട്ട ഒരു യോഗം വിളിച്ചുചേർത്തു. ആ യോഗത്തിൽ ഇതുമായി ബന്ധപ്പെട്ട ആളുകളും ബഹുമാനപ്പെട്ട എം.എൽ.എ.യും ഉണ്ടായിരുന്നു. അന്ന് കുറച്ചുകൂടി മെച്ചപ്പെട്ട സ്ഥലത്ത് ഇവർക്ക് ആവശ്യമായ സ്ഥലം നൽകാൻ ഒരു തീരുമാനമെടുത്തു. ആ തീരുമാനമനുസരിച്ച് സ്ഥലം ലഭ്യമാക്കാൻ 1980-ലെ കേരള ഫോറസ്റ്റ് കൺസർവേഷൻ ആക്ട് അനുസരിച്ച് കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമാണ്. സ്ഥലം കണ്ടെത്തി ബന്ധപ്പെട്ടവരും എം.എൽ.എ.യും മന്ത്രിയും അംഗീകരിച്ചു. ഇനി അതിന്റെ റിപ്പോർട്ട് ഡി.എഫ്.ഒ. വഴി കളക്ടർ വഴി വരണം. അതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നുണ്ട്. അത് വനം വകുപ്പിലേക്ക് വന്നിട്ടില്ല. ആ റിപ്പോർട്ട് വന്നാൽ ഉടൻതന്നെ കേന്ദ്രഗവൺമെന്റിന് സമർപ്പിക്കുകയും ഈ സ്ഥലം കൈമാറ്റം ചെയ്ത് 7 കോളനികളിലും താമസിക്കുന്ന ആളുകളെ വ്യക്തിപരമായ താല്പര്യമെടുത്ത് പുറത്തേക്ക് കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കും. അത് വനം വകുപ്പിനും നല്ലതാണ്. കാരണം, അവർ അവിടെനിന്ന് മാറി താമസിക്കുമ്പോൾ വന്യജീവികൾക്ക് അവിടെ സമാധാനമായി ജീവിക്കാം. ഇവർക്ക് സമാധാനമായി നാട്ടിലും ജീവി

ക്കാം. അവർകൂടി അംഗീകരിച്ച സ്ഥലം നൽകാൻ സർക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിന് കേന്ദ്രഗവൺമെന്റിന്റെ അനുമതി അത്യാവശ്യമാണ്. അതിനുള്ള നടപടികൾ പൂർത്തിയായിവരികയാണ്. ട്രൈബൽ ഡിപ്പാർട്ട്മെന്റാണ് ഇതിന്റെ കൺസേൺഡ് ഏജൻസി. കളക്ടറുടെ റിപ്പോർട്ട് ട്രൈബൽ ഡിപ്പാർട്ട്മെന്റിന് കിട്ടിക്കഴിഞ്ഞാൽ ഉടനെ ഡിപ്പാർട്ട്മെന്റ് വനംവകുപ്പിനോട് ആവശ്യപ്പെടും. വനംവകുപ്പ് ഉടനെ തന്നെ ഡൽഹിയിലേക്ക് അയച്ച് കേന്ദ്രഗവൺമെന്റിന്റെ അനുമതി വാങ്ങിയാലുടൻതന്നെ സ്ഥലം കൈമാറാൻ കഴിയും. ഇവിടെ ബഹുമാനപ്പെട്ട എം.എൽ.എ. ഉന്നയിച്ച ആശങ്ക ശരിയാണ്. ഇനി ഒരാശങ്കയ്ക്കും വകയില്ല. നടപടിയിൽ ഒരു കാലതാമസവും വരികയില്ല. ഞാൻ തന്നെ നേരിട്ട് ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട് ഇക്കാര്യം ചെയ്യുന്നതാണ്.

## (5) മണൽ കലവറ

ശ്രീ. കെ. രാജു: സർ, എന്റെ മണ്ഡലത്തിലെയും അതുപോലെ തന്നെ കൊല്ലം, തിരുവനന്തപുരം ജില്ലകളിലേയും പാവപ്പെട്ട ജനവിഭാഗങ്ങളുടെ ഒരു പ്രധാനപ്പെട്ട വിഷയമാണ് ഈ സബ്മിഷനിലൂടെ ഞാൻ ഇവിടെ ഉന്നയിക്കുന്നത്. കുളത്തൂപ്പുഴ കേന്ദ്രമാക്കി പ്രവർത്തിച്ചുവന്നിരുന്ന മണൽ കലവറ കഴിഞ്ഞ കുറുച്ചുമാസങ്ങളായി പ്രവർത്തിക്കുന്നില്ല. കൊല്ലം തിരുവനന്തപുരം ജില്ലകളിലെ ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്നവർക്ക് വളരെ കുറഞ്ഞ നിരക്കിലും എ.പി.എൽ. വിഭാഗത്തിൽപ്പെടുന്നവർക്ക് അൽപ്പംകൂടെ കൂടിയ നിരക്കിലും വനത്തിൽ നിന്ന് ശേഖരിക്കുന്ന ശുദ്ധമായ മണൽ വിലയ്ക്ക് നൽകുന്ന സംവിധാനമായിരുന്നു നിലനിന്നിലുന്നത്. ഗവൺമെന്റ് ഇതിലെടുത്ത ഒരു നടപടിമൂലം ആ മണൽകലവറ പ്രവർത്തനമില്ലാത്തതുകാരണം ഈ സംവിധാനം ആകെത്തകർന്നിരിക്കുകയാണ്. ശുദ്ധമായ മണൽ വിൽക്കുന്നതിനുള്ള ഈ സംവിധാനം ആയിരക്കണക്കിന് അപേക്ഷകർക്ക് ഉപയോഗപ്രദമായിരുന്നു. ആയിരക്കണക്കിന് ആളുകൾ അപേക്ഷിച്ചിട്ടുണ്ട്. ഇപ്പോൾ ആയിരക്കണക്കിന് അപേക്ഷകൾ പെൻഡിംഗിലാണ്. കലവറ നിറുത്തിയതിന് യാതൊരു ന്യായീകരണവുമില്ല. കുളത്തൂപ്പുഴ റേഞ്ച് ഓഫീസിന്റെ കോമ്പൗണ്ടിലാണ് ഇതിനുവേണ്ടിയുള്ള യാർഡ് നിശ്ചയിച്ച് മണൽ ശേഖരിച്ചിരുന്നത്. ആ യാർഡിൽ നിന്നാണ് മണൽ വിതരണം നടത്തിയിരുന്നത്. ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് നേരിട്ടല്ല മണൽ വിതരണം നടത്തിയിരുന്നത്. ഫോറ

സ്റ്റിന്റെ ചുമതലയിൽ നിർമ്മിതിയെക്കൊണ്ടാണ് മണൽ വിതരണം നടത്തിയിരുന്നത്. നിർമ്മിതിയെക്കൂടി ഏർപ്പെടുത്തിയത് ഇത് കേവലം മണൽ വിതരണത്തിനുവേണ്ടിയിട്ടുള്ള ഒരു കലവറ എന്നുള്ള നിലയ്ക്ക് മാത്രമായിരുന്നില്ല. മണൽ വിതരണം തൽക്കാലം തുടങ്ങുകയും അതിനുശേഷം പാവപ്പെട്ട ആളുകൾക്ക് പ്രത്യേകിച്ച് പഞ്ചായത്തുവഴിയും മറ്റ് വിവിധ സകീമുകൾവഴിയും വീടുവയ്ക്കുന്ന ആളുകൾക്ക് ഭവനനിർമ്മാണത്തിന് ആവശ്യമുള്ള സാധനങ്ങൾ ന്യായവിലയ്ക്ക് കൊടുക്കുന്ന ഒരു കേന്ദ്രം എന്നുള്ള നിലയിലാണ് തുടങ്ങിയത്. ആദ്യം മണൽ കൊടുക്കുക, അതിനുശേഷം മറ്റ് ഭവന നിർമ്മാണ സാധനങ്ങൾ ന്യായവിലയ്ക്ക് കൊടുക്കുന്നതിനുവേണ്ടിയാണ് മണൽ കലവറകൊണ്ട് ഉദ്ദേശിച്ചത്. ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ള ആർ.ഒ.യുടെ യാർഡിൽ മണൽ ശേഖരിച്ച് വിതരണം ചെയ്തിരുന്നു. കുളത്തൂപ്പുഴ പഞ്ചായത്തിൽതന്നെ ചൂഴിക്കോട് തുടങ്ങിയിട്ടുള്ള പ്രദേശങ്ങളിലെ വനത്തിൽ നിന്ന് വനം മാഫിയകൾ മണൽ വാരി ഇഷ്ടംപോലെ കൈകാര്യം ചെയ്തുകൊണ്ടിരുന്നതാണ്. വനം മാഫിയകൾ ഫോറസ്റ്റിൽ നിന്ന് മണൽ വാരി വൻവിലയ്ക്ക് വിറ്റുകൊണ്ടിരുന്നതാണ്. മണൽമാഫിയായിൽ നിന്ന് പാവപ്പെട്ടവരെ രക്ഷിക്കാനും സർക്കാരിന് വരുമാനമുണ്ടാക്കാനുമുള്ള ഒരു പദ്ധതിയെന്ന നിലയ്ക്കാണ് എല്ലാവരാലും അംഗീകരിക്കപ്പെട്ട ആ പദ്ധതി ആവിഷ്ക്കരിച്ചത്. കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിന്റെ തന്നെ ആഭിമുഖ്യത്തിലുള്ള ഒരു ഉപദേശകസമിതിയുമുണ്ടായിരുന്നു. എന്നാൽ പ്രത്യേകിച്ച് യാതൊരു

കാരണവും കൂടാതെ അത് നിറുത്തിവച്ചതുകൊണ്ട് ഇന്ന് മണൽ ലഭ്യമാകുന്നതിനുള്ള അവസരം നഷ്ടമായിരിക്കുന്നു. മണലിന്റെ വില ഭയങ്കരമായി വർദ്ധിച്ചിരിക്കുന്നു. അത് സഭയിലുള്ള എല്ലാവർക്കും അറിയാവുന്നതാണ്. ശുദ്ധമായ മണൽ സർക്കാർ സംവിധാനം വഴി ലഭിക്കുന്നതിനുള്ള ഈ സംവിധാനം പുനഃസ്ഥാപിക്കണം. അതിന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഒരു കത്ത് നൽകിയിരുന്നു. മുഖ്യമന്ത്രി ഒരു യോഗം വിളിക്കാൻ മന്ത്രിയെ ചുമതലപ്പെടുത്തി. ആ യോഗം ഇതുവരെ വിളിക്കുകയോ അഭിപ്രായം ആരായുകയോ ചെയ്തിട്ടില്ല. എന്റെയും മറ്റ് ജനപ്രതിനിധികളുടേയും കൂടി അഭിപ്രായം ആരാഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി ഇത് തുറന്ന് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ.ബി. ഗണേഷ് കുമാർ): സർ, തിരുവനന്തപുരം ഡിവിഷനിലെ കുളത്തൂപ്പുഴ റേഞ്ചിൽ 2002 മുതൽ 12 കടവുകളിൽ നിന്ന് മണൽ വാരാൻ കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിച്ചു. 2002-2003 മുതൽ 2007-2008 വരെ ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞ മിൽപ്പാലം, ചൂഴിയക്കോട് എന്നീ രണ്ട് കടവുകളിൽ നിന്നും മണൽ ഖനനമുണ്ടായിരുന്നു. അന്നത്തെ ഈ വകുപ്പിന്റെ ചുമതല വഹിച്ചിരുന്ന എന്റെ മുൻഗാമി ശ്രീ. ബിനോയ് വിശ്വം നിർമ്മിതിയെക്കൂടി ബന്ധപ്പെടുത്തി വനസംരക്ഷണ സമിതിയെക്കൊണ്ട്

മണൽ വാരിക്കുകയും നിർമ്മിതിയുടെ മറ്റൊരു സ്ഥലത്തേക്ക് കൊണ്ടുപോയി അവിടെനിന്ന് വിപണനം ചെയ്യുന്നതിനുമുള്ള സംവിധാനമുണ്ടാക്കി. ബഹുമാനപ്പെട്ട അംഗം തെറ്റിദ്ധരിച്ചിരിക്കുകയാണ്, നിർമ്മിതിയിലും മണൽ ഖനനത്തിലും ചില ക്രമക്കേടുകൾ നടക്കുന്നുവെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ എന്റെ മുൻഗാമിയായ ശ്രീ. ബിനോയ് വിശ്വത്തിന്റെ നിർദ്ദേശപ്രകാരമാണ് മണൽ ഖനനം നിർത്തിവച്ചത്, അല്ലാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമല്ല. അതിനുശേഷം, ബഹുമാനപ്പെട്ട എം.എൽ.എ.-യുടേയും പഞ്ചായത്ത് പ്രസിഡന്റുമാരുടേയും ജനങ്ങളുടേയും അപേക്ഷ മാനിച്ച് ഖനനം പുനരാരംഭിക്കുന്നതിന് ഒരു ഒരു സ്കീമുണ്ടാക്കാൻ തീരുമാനിച്ചു.

ശ്രീ. സി. ദിവാകരൻ: മണൽ ഖനനം നിർത്തിവയ്ക്കേണ്ടി വന്നതിന്റെ കാരണമെന്താണെന്നുള്ളത് ഫയലിൽ കാണുമല്ലോ?

ശ്രീ. കെ.ബി. ഗണേഷ് കുമാർ: പല തരത്തിലുള്ള ക്രമക്കേടുകൾ നടന്നതായി അന്നത്തെ മന്ത്രിക്ക് ബോധ്യപ്പെട്ടതുകൊണ്ടാണ് ഇത് നിർത്തിവച്ചത്. അദ്ദേഹം ചെയ്തത് തെറ്റായിരുന്നു എന്നല്ല ഞാൻ പറഞ്ഞത്, അദ്ദേഹം ചെയ്തത് നല്ല കാര്യമാണ്. എ.പി.എൽ. കാർഡുടമകൾക്ക് ഒരു വിലയും ബി.പി.എൽ. കാർഡുടമകൾക്ക് മറ്റൊരു വിലയുമാണ് നിശ്ചയിച്ചിരുന്നത്. ഓരോരുത്തർക്കും എത്ര ക്വാണ്ടിറ്റിയാണ് നൽകേണ്ടതെന്നും പറഞ്ഞിട്ടില്ലായിരുന്നു. കുറഞ്ഞ വിലയ്ക്ക് മണൽ വാങ്ങിക്കൊ

ണ്ടുപോയി കൂടിയ വിലയ്ക്ക് മറിച്ചുവിൽക്കുന്ന മണൽ മാഫിയയുടെ പ്രവർത്തനം വ്യാപകമാകുകയും മണൽ കയറ്റിപ്പോകുന്ന ലോറിക്കാർ അമിതമായി പണം വാങ്ങുകയും ഒരു സ്ഥലത്തുനിന്നും കയറ്റി മറ്റൊരു സ്ഥലത്ത് ഇറക്കുന്ന കൂലികൂടി ഉപഭോക്താവിന്റെ തലയിൽ വയ്ക്കുകയും ചെയ്തതിനാലാണ് ഈ സംവിധാനം അവസാനിപ്പിക്കാൻ തീരുമാനിച്ചത്. ബഹുമാനപ്പെട്ട എം.എൽ.എ., മറ്റ് ജനപ്രതിനിധികൾ, പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത് അംഗങ്ങൾ എന്നിവരുടെയെല്ലാം ആവശ്യം പരിഗണിച്ച് വീണ്ടും മണൽ ഖനനം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. അതിന് വളരെ വ്യക്തമായ വ്യവസ്ഥകൾ വച്ചിട്ടുണ്ട്. മണൽ വാരി ആദ്യം വിൽക്കുകയും പിന്നീട് വിലകുറച്ച് ഭവന നിർമ്മാണ സാമിഗ്രികൾ ഉപഭോക്താവിന് നൽകുകയും ചെയ്യുകയെന്ന സദുദ്ദേശത്തോടുകൂടിയാണ് മുൻമന്ത്രി ഇത് ആരംഭിച്ചത്. പക്ഷേ മണൽ വിറ്റതല്ലാതെ മറ്റുകാര്യങ്ങളൊന്നും നടന്നില്ല. മണൽ ഒരു നല്ല സാധനമാണ് വിൽക്കാൻ എന്നുള്ള കാര്യത്തിൽ ഇവിടെയിരിക്കുന്ന ഒരംഗങ്ങൾക്കും എതിർപ്പുണ്ടാവുകയില്ല. 38,000/- രൂപയാണ് 5 ക്യൂബിക് മീറ്റർ മണലിന്, അതായത് ഒരു വലിയ ലോറിയിൽകൊള്ളുന്ന മണലിന് ഇന്ന് മിനിമം വാങ്ങുന്നത്. അത്യാവശ്യക്കാരിൽ നിന്നും 80,000/- രൂപ വരെ വാങ്ങുന്നുണ്ട്. ഇത് അവസാനിപ്പിക്കണമെന്ന ആഗ്രഹത്തോടുകൂടി വനം വകുപ്പ് ഉദ്യോഗസ്ഥരും മറ്റ് ബന്ധപ്പെട്ടവരുമായി സംസാരിച്ച് ഒരു പ്രോപ്പോസൽ ഉണ്ടാക്കിയിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ സർക്കാരിലേക്ക് അയച്ചിട്ടുണ്ട്. അത് രണ്ട് ദിവ

സത്തിനുള്ളിൽ വനം വകുപ്പിലേക്ക് വരും. വന്നുകഴിഞ്ഞാലുടൻതന്നെ ഖനനം പുനരാരംഭിച്ച് വിപണനം നടത്തുന്നതിനുള്ള സംവിധാനമുണ്ടാക്കും. നേരത്തേ കൊടുത്തിരുന്നതിൽ നിന്ന് വ്യത്യാസമായി ബി.പി.എൽ./എ.പി.എൽ. വ്യത്യാസമില്ലാതെ എല്ലാവർക്കും ഒരുപോലെ മണൽ കൊടുക്കാൻ പോകുകയാണ്. കാരണം വീട് വയ്ക്കുന്നവരെല്ലാം ആവശ്യക്കാരാണ്. അവിടെ ബി.പി.എൽ. എന്നോ എ.പി.എൽ. എന്നോ വ്യതൃാസമില്ല. ഒരാൾക്ക് 10 ക്യൂബിക് മീറ്റർ അതായത് രണ്ട് ലോറിയിൽ കൂടുതൽ കൊടുക്കുകയില്ല, ഒറ്റത്തവണയേ കൊടുക്കുകയുള്ളൂ, പിന്നീട് കൊടുക്കുകയുമില്ല. കാരണം എല്ലാവർക്കും ഇതിന്റെ ഗുണഫലം കിട്ടണം. ഓരോ ഹെഡ്ഡായി ഞാൻ വായിക്കാം, ക്യൂബിക്ക് മീറ്ററിന് 1,500/- രൂപ എന്ന നിരക്കിൽ 5 ക്യൂബിക് മീറ്റർ - 7,500/- രൂപ, ജിയോളജി വകുപ്പിന് റോയൽറ്റി 2% - 150/- രൂപ; വാറ്റ് 5% - 375/- രൂപ, ഫോറസ്റ്റ് ഡെവലപ്പ്മെന്റ് ടാക്സ് (എഫ്.ഡി.റ്റി.) 5% - 375/- രൂപ, സെസ്സ് 2% - 150/- രൂപ. വി.എസ്.എസ്.-നുള്ള സർവ്വീസ് ചാർജ്ജ് - 1,000/- രൂപ. കളക്ഷൻ, ലോഡിംഗ്, അൺ-ലോഡിംഗ് ചാർജ്ജ് - 2,450/- രൂപ, തൊഴിലാളികളുമായി ചർച്ച ചെയ്തിട്ട് നിശ്ചയിച്ച റേറ്റാണിത്. ആകെ 12000/- രൂപ. അഞ്ച് ക്യൂബിക് മീറ്റർ മണൽ 12,000/- രൂപയ്ക്ക് നൽകും. ട്രാൻസ്പോർട്ടിംഗ് ചാർജ്ജ്, 100 കിലോമീറ്റർ ദൂരപരിധിവരെയാണ് കൊണ്ടുപോകുന്നതെങ്കിൽ മാക്സിമം 4,000/- രൂപ. പത്ത് കിലോമീറ്ററാണ് കൊണ്ടുപോകുന്നതെങ്കിൽ അതിനാനുപാതികമായ ചാർജ്ജ്

മാത്രമേ വരുകയുള്ളൂ. 100 കിലോമീറ്റർ വരെ ലോറി ഓടിയാൽ പരമാവധി വാങ്ങാവുന്നത് 4,000/- രൂപ, അതിനുമുകളിലേക്കുള്ള റേറ്റ് ആലോചിച്ച് തീരുമാനിക്കും. കാരണം ഇതിന്റെ ഉപഭോക്താക്കളിൽ കൂടുതലും ആ പ്രദേശത്തിന് 100 കിലോമീറ്റർ ചുറ്റളവിലുള്ളവരായിരിക്കും. കുറഞ്ഞ ദൂരത്തിൽ കൊണ്ടുപോകുന്ന ഉപഭോക്താവിന് ബുദ്ധിമുട്ടുണ്ടാകാതിരിക്കാനായി പ്രാദേശിക പഞ്ചായത്ത് മെമ്പർ, റേഞ്ച് ഓഫീസർ, ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാർ എന്നിവരുമായി ചർച്ച ചെയ്തുകൊണ്ട് ദൂരപരിധി അനുസരിച്ച് സ്ലാബ് നിശ്ചയിക്കും. ഇപ്പോൾ ഒരു രജിസ്റ്റർ വച്ച് മണലിനുവേണ്ടിയുള്ള അപേക്ഷ റേഞ്ച് ഓഫീസിൽ സ്വീകരിക്കാൻ പോകുകയാണ്. കൂടാതെ, നിർമ്മിതി കേന്ദ്രത്തിലേക്കുള്ള ട്രാൻസ്പോർട്ടേഷൻ ഒഴിവാക്കുകയാണ്. എവിടെനിന്നാണോ മണൽ ഖനനം ചെയ്യുന്നത് അവിടെനിന്നു തന്നെ ലോറിയിൽ കയറ്റുകയും അവിടെനിന്നുതന്നെ സൈറ്റിലേക്ക് കൊണ്ടുപോകും. നിർബന്ധമായും ലോറികൾ അഡ്വാൻസായി രജിസ്റ്റർ ചെയ്യണമെന്ന ഒരു വ്യവസ്ഥയും വച്ചിട്ടുണ്ട്. ഏത് ഉപഭോക്തവിന്റെ വീട്ടിലാണോ മണൽ എത്തിക്കുന്നത് ആ ഉപഭോക്താവിൽ നിന്നും മണൽ ലഭിച്ചുവെന്ന രേഖ വാങ്ങി തിരിച്ചുകൊണ്ടുവന്നാൽ മാത്രമേ ആ ലോറിക്കാരന് രണ്ടാമത്തെ ലോഡ് നൽകുകയുള്ളൂ. ഇത് ലഭിക്കാൻ ഓരോ അപേക്ഷകനും അപേക്ഷ സമർപ്പിക്കണം, അതോടൊപ്പം ചെറിയ വീടാണെങ്കിൽ വീട് വയ്ക്കുന്നതിന് ലഭിച്ച പെർമിറ്റ്, വലിയ വീടാണെങ്കിൽ പ്ലാൻ അപ്രൂവ് ചെയ്ത ഗവൺമെന്റിന്റെ/പഞ്ചായത്തിന്റെ സർട്ടിഫിക്കറ്റ്,

ഐഡന്റിറ്റി തെളിയിക്കുന്ന കാർഡ് എന്നിവയെല്ലാം കൊടുക്കണം. ഉപഭോക്താവ് ജെനുവിനാണെന്ന് തോന്നിക്കഴിഞ്ഞാൽ അയാളെ പ്രയോരിറ്റി ലിസ്റ്റിൽ ചേർക്കും. ആദ്യം വരുന്നവർക്ക് ആദ്യം നൽകാനാണ് തീരുമാനിച്ചിരിക്കുന്നത്. തൽക്കാലം ഒരു രജിസ്റ്ററിലാണ് എഴുതുന്നതെങ്കിലും ഇത് നടപ്പിലായി ഒരുമാസത്തിനുള്ളിൽ കമ്പ്യൂട്ടർ സംവിധാനത്തിലേക്ക് മാറ്റും. തിരുവനന്തപുരത്തിരുന്നുകൊണ്ട് മേലുദ്യോഗസ്ഥർക്കും മറ്റും ഇതിന്റെ പ്രയോരിറ്റി കാണാവുന്ന തരത്തിലുള്ള ഒരു സംവിധാനം കൊണ്ടുവരും. മാത്രമല്ല, ഇത് മറിച്ചുവിൽക്കുകയോ.......

ശ്രീ. സി. ദിവാകരൻ: ഇതുകൊണ്ട് ഉപഭോക്താവിന് എന്താണ് നേട്ടം; എല്ലാ ചാർജ്ജുകളും ഉപഭോക്താവിൽ നിന്നാണല്ലോ ഈടാക്കുന്നത്?

ശ്രീ. കെ.ബി. ഗണേഷ് കുമാർ: 80,000/- രൂപയ്ക്ക് കിട്ടുന്ന മണ്ണ് 12,000/- രൂപയ്ക്ക് ലഭിക്കും. അതാണ് ഉപഭോക്താവിനുള്ള ഗുണം. ഈ മണൽ വാരുന്നതുകൊണ്ട് സർക്കാരിന് പ്രത്യേകിച്ച് ഗുണമൊന്നുമില്ല. മണൽ മാഫിയയുടെ പ്രവർത്തനത്തെ ദുർബലപ്പെടുത്തുവാൻവേണ്ടി ഉപയോഗിക്കുന്ന സംവിധാനമെന്നുള്ള രീതിയിൽ ഇതിനെ കണ്ടാൽമതി. സാധാരണക്കാർക്ക് രണ്ട് വലിയ ലോഡ് മണൽ, അതായത് 10 ക്യൂബിക് മീറ്റർ മണൽ 12,000/- രൂപ വച്ച് ലഭിക്കുമെന്നുള്ളത് വലിയൊരു കാര്യമാണ്. ഈ ഉത്തരവിന് ഒരു പ്രത്യേകതയുണ്ട്, അതുകൂടി എം.എൽ.എ.

അറിയണം, അവിടെ എന്തെങ്കിലും തരത്തിലുള്ള ഒരു ക്രമക്കേട് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ, ഇതിന്റെ പേരിൽ ഉദ്യോഗസ്ഥന്മാരടക്കം അഴിമതി നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ആ നിമിഷം മണൽ ഖനനം അവസാനിപ്പിക്കുമെന്ന നിർദ്ദേശത്തോടുകൂടിയായിരിക്കും ഉത്തരവ് ഇറങ്ങാൻ പോകുന്നത്. ഖനനം ചെയ്യുന്ന മണൽ കുറഞ്ഞ വിലയ്ക്ക് ജനങ്ങൾക്ക് ലഭിക്കണമെന്ന ലക്ഷ്യം മാത്രമാണ് ഗവൺമെന്റിനുള്ളത്. ഏതെങ്കിലും ഒരു ഉപഭോക്താവ് ഇത് തന്റെ ആവശ്യത്തിനല്ലാതെ ഉപയോഗിച്ചു എന്നത് ശ്രദ്ധയിൽപ്പെട്ടാൽ ആ പെർമിറ്റ് ക്യാൻസൽ ചെയ്യാൻ ഡി.എഫ്.ഒ. -യ്ക്ക് അധികാരം കൊടുക്കുന്ന തരത്തിലായിരിക്കും ഉത്തരവ് ഇറങ്ങാൻ പോകുന്നത്.

## ആർട്ട്സ് ആന്റ് സയൻസ് കോളേജ്

ശ്രീ. വി.റ്റി. ബൽറാം: സർ, എന്റെ നിയോജക മണ്ഡലമായ തൃത്താലയിൽ ഗവൺമെന്റ് മേഖലയിലോ എയ്ഡഡ് മേഖലയിലോ ഒരു ആർട്ട്സ് ആന്റ് സയൻസ് കോളേജ് ആരംഭിക്കേണ്ടതിന്റെ ആവശ്യകതയാണ് ഈ സബ്മിഷനിലൂടെ സഭയുടെ ശ്രദ്ധയിൽക്കൊണ്ടുവരാൻ ആഗ്രഹിക്കുന്നത്. ചരിത്രപരമായും സാഹിത്യ, സാംസ്കാരിക രംഗങ്ങളിലുമെല്ലാം പ്രാധാന്യമുള്ള പ്രദേശമാണ് തൃത്താല. എ.വി. കുട്ടിമാളു അമ്മയെപ്പോലെയുള്ള സ്വാതന്ത്ര്യസമര സേനാനികൾ, വി.ടി. ഭട്ടതിരിപ്പാടിനെപ്പോലെയുള്ള സാമൂഹ്യ പരിഷ്ക്കർത്താക്കൾ, എം.ടി. വാസുദേവൻ നായരേയും മഹാകവി അക്കിത്തത്തേയുംപോലെ മലയാള സാഹിത്യ തറവാട്ടിലെ കാരണവന്മാർ ഇവർക്കൊക്കെ ജന്മം നൽകി, അവരുടെയെല്ലാം പാരമ്പര്യമുൾക്കൊള്ളുന്ന, വിദ്യാഭ്യാസത്തോട് താൽപ്പര്യമുള്ള ഒരു ജനതയാണ് എന്റെ പ്രദേശത്തുള്ളത്. പക്ഷെ, ദൗർഭാഗ്യവശാൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളൊന്നുംതന്നെ ഈ പ്രദേശത്തില്ല. നിരവധി കിലോമീറ്റർ യാത്ര ചെയ്താണ് അവിടെയുള്ള കുട്ടികൾ മറ്റ് സ്ഥലങ്ങളിൽപ്പോയി പഠിക്കുന്നത്. കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിൽ ഗവൺമെന്റ് മേഖലയിലോ എയ്ഡഡ് മേഖലയിലോ ആർട്ട്സ് ആന്റ് സയൻസ് കോളേജുകൾ ഇല്ലാത്ത ഏകനിയോജക മണ്ഡലം ഒരുപക്ഷെ തൃത്താലയായിരിക്കുമെന്ന് എനിക്ക് തോന്നിപ്പോകുകയാണ്. ചിലപ്പോൾ ഒന്നോ രണ്ടോ അത്തരത്തിൽപിന്നോവസ്ഥയിലുള്ള പ്രദേശങ്ങളുണ്ടായിരിക്കാം. ഈ

ഗവൺമെന്റ് നിലവിൽ വന്നതിനുശേഷം അട്ടപ്പാടിയിൽ ഒരു ഗവൺമെന്റ് ആർട്ട്സ് ആന്റ് സയൻസ് കോളേജ് കൊടുത്തു, വേങ്ങരയിൽ ഒരു കോളേജ് കൊടുത്തതായി അറിയാൻ സാധിച്ചു, വളരെ നല്ല കാര്യങ്ങളാണ്. അതുപോലെ പിന്നോക്കാവസ്ഥയിലുള്ള ഒരു പ്രദേശം എന്ന നിലയ്ക്ക് തൃത്താലയിൽ ഒരു ആർട്ട്സ് ആന്റ് സയൻസ് കോളേജ് ആരംഭിക്കേണ്ടത് ഏറ്റവും അടിയന്തിരമായ ആവശ്യമാണ്. ഗ്രാമീണ മേഖലയിൽ സ്വാശ്രയ കോളേജുകളും പ്രൊഫഷണൽ കോളേജുകളും ഉണ്ടാകുന്നുണ്ട്. പക്ഷെ അവിടെയൊന്നും സാധാരണക്കാരന്റെ മക്കൾക്ക് പഠിക്കാൻ സാധിക്കുന്നില്ല. ഇതൊരു വലിയ സാമൂഹിക പ്രശ്നമായിമാറുന്നുണ്ട്. പ്രത്യേകിച്ചും പെൺകുട്ടികൾ പ്ലസ്ടുവിന് ശേഷം പഠനം നിർത്തേണ്ട ഒരു സാഹചര്യം നിലവിലുണ്ട്. ദൂരദേശങ്ങളിൽപ്പോയി പഠിക്കാൻ സാധിക്കാത്തതിനാൽ അവരെ രക്ഷിതാക്കൾ പെട്ടെന്ന് കല്യാണം കഴിപ്പിച്ച് വിടുകയാണ്. ഇങ്ങനെയുള്ള സാമൂഹ്യ സാഹചര്യങ്ങൾകൂടി പരിഗണിച്ചുകൊണ്ട്, തൃത്താല പോലെയുള്ള പിന്നോക്ക പ്രദേശങ്ങളിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത പരിഗണിച്ചുകൊണ്ട് തൃത്താലയിൽ ഒരു ആർട്ട്സ് ആന്റ് സയൻസ് കോളേജ് ഗവൺമെന്റ് മേഖലയിൽ ആരംഭിക്കാനോ, അതിന് ഏതെങ്കിലും തരത്തിൽ കഴിയാതെ വരുന്നപക്ഷം എയ്ഡഡ് മേഖലയിൽ ഒരു ആർട്ട്സ് ആന്റ് സയൻസ് കോളേജ് അനുവദിക്കാൻവേണ്ട നടപടികൾ സ്വീകരി

ക്കാൻ വിദ്യാഭ്യാസ വകുപ്പും സംസ്ഥാന സർക്കാരും തയ്യാറാകണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടാനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, തൃത്താല നിയോജക മണ്ഡലത്തിൽ സർക്കാർ എയ്ഡഡ് മേഖലയിൽ ഇപ്പോൾ ആർട്സ് ആന്റ് സയൻസ് കോളേജൊന്നും നിലവിലില്ലാത്ത സാഹചര്യത്തിൽ മണ്ഡലത്തിലെ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസം ലഭിക്കണമെങ്കിൽ  വിദൂര കോളേജുകളെ ആശ്രയിക്കേണ്ടി വരുന്നുവെന്നുള്ള പരാതി നിലനിലക്കുന്നുണ്ട്. ആയതിനാൽ സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ഈ മണ്ഡലത്തിലെ ജനങ്ങൾക്ക് ഉന്നത വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കടന്നു വരുന്നതിനും തൃത്താല നിയോജക മണ്ഡലത്തിൽ സർക്കാർ മേഖലയിൽ ഒരു ആർട്സ് ആന്റ് സയൻസ് കോളേജ് ആവശ്യമാണെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ വിഷയത്തിൽ സർക്കാർ നയപരമായ തീരുമാനം ഇനിയും കൈക്കൊണ്ടിട്ടില്ല. പ്രസ്തുത തീരുമാനത്തോടൊപ്പം കോളേജ് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലത്തിന്റെ ലഭ്യത, കെട്ടിട നിർമ്മാണം, അധിക സാമ്പത്തിക ബാധ്യത, ആരംഭിക്കേണ്ട കോഴ്സുകൾ, കോളേജ് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ അദ്ധ്യാപക അദ്ധ്യാപകേതര ജീവനക്കാരുടെ വിശദ വിവരങ്ങൾ എന്നിവ കൂടി പരിഗണിക്കേണ്ടതായിട്ടുണ്ട്. എങ്കിലും ഇക്കാര്യത്തിൻമേൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ

നിന്നും നിർദ്ദേശങ്ങളും ശുപാർശകളും ലഭ്യമാക്കാനും അവ ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട സർവ്വകലാശാലയുടെ അഭിപ്രായം കൂടി ആരാഞ്ഞ് ശുപാർശ വിശദമായി പരിശോധിച്ച് സർക്കാർ ഉചിതമായ നയപരമായ തീരുമാനം കൈക്കൊള്ളുന്നതിന്റെ മുറയ്ക്കെടുക്കാനാണ് ഉദ്ദേശിക്കുന്നത്.

**ഹയർസെക്കണ്ടറി മേഖലയിലെ പ്രശ്നങ്ങൾ**

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: സർ, ഹയർ സെക്കണ്ടറി മേഖലയുമായി ബന്ധപ്പെട്ട് സംസ്ഥാനടിസ്ഥാനത്തിലുള്ള ഒരു പ്രശ്നം സർക്കാരിന്റെയും ബഹുമാനപ്പെട്ട മന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്താൻ വേണ്ടിയാണ് ഈ സബ്മിഷൻ ഇവിടെ അവതരിപ്പിക്കുന്നത്. 1991-ലാണ് ഹയർസെക്കണ്ടറി ഡയറക്ടറേറ്റ് ആരംഭിച്ചത്. 1995-ൽ അത് വിപുലീകരിക്കുന്ന വിധത്തിലെത്തി. 2005-ൽ കേരളത്തിൽ മൂന്ന് ആർ.ഡി.ഡി.കൾ ആരംഭിച്ചു. അന്ന് വളരെ കുറച്ച് സ്കൂളുകൾ മാത്രമേ പ്ലസ് ടുവിന് ഉണ്ടായിരുന്നുള്ളൂ. 2005-2006-ൽ 294 അഡീഷണൽ ബാച്ച് ആംഭിച്ചു. 2006-07 -ൽ 278 പുതിയ ഹയർസെക്കണ്ടറി സ്കൂളുകൾ ആരംഭിച്ചു. 2009-10-ൽ മലബാർ മേഖലയിൽ 178 പുതിയ പ്ലസ് ടു സ്കൂളുകൾ ആരംഭിച്ചു. 2010-11 -ൽ 580 അഡീഷണൽ ബാച്ച് ആരംഭിച്ചു. ഇന്ന് മൊത്തത്തിൽ പ്ലസ് വണ്ണിനും പ്ലസ് ടു-വിനുമായി ഒൻപത് ലക്ഷം വിദ്യാർത്ഥികളും 20,000 അദ്ധ്യാപകരും 2,500 ലാബ് അസിസ്റ്റന്റുമാരുമുണ്ട്. ഇതിന്റെ നാലിൽ ഒന്ന് വിദ്യാർത്ഥികൾ മത്രമേ വി.എച്ച്. എസ്. ഇ-യിലുള്ളൂ. അതിന് ഏഴ് മേഖലാ ഓഫീസുകളുണ്ട്.. എന്നാൽ ഒൻപത് ലക്ഷം വിദ്യാർത്ഥികളും ഇരുപതിനായിരം അദ്ധ്യാപകരും 2,500 ലാബ് അസിസ്റ്റന്റുമാരുമുള്ള ഈ മഖലയ്ക്ക് മൂന്ന് ആർ.ഡി.ഡി. ആഫീസുകൾ

മാത്രമേയുള്ളൂ. കോഴിക്കോട്ടുള്ള ആർ.ഡി.ഡി-യിൻ കീഴിലാണ് ഇപ്പോൾ അനുവദിച്ച 108 ഹയർ സെക്കണ്ടറി സ്കൂളുകൾ. ഇതിൽ വേറെയും ചില പ്രശ്നങ്ങളുണ്ട്. സ്കൂൾ ആരംഭിച്ച് രണ്ടു വർഷമായിട്ടും ഇപ്പോഴും പ്രൻസിപ്പൽമാർക്ക് അപ്രൂവൽ കൊടുത്തിട്ടില്ല, അംഗീകരിച്ചിട്ടില്ല. സീനി യർ അദ്ധ്യാപകർക്ക് ചാർജ് കൊടുക്കുകയാണ്. മറ്റൊന്ന്, ചില പ്രിൻസി പ്പൽമാർ 14 മണിക്കൂർ തൊട്ട് ആഴ്ചയിൽ 24 മണിക്കൂർ വരെ ക്ലാസ്സെടു ക്കേണ്ടി വരുന്നു. നമ്മൾ മനസ്സിലാക്കേണ്ട ഒരു കാര്യം, മൂന്ന് ക്ലാസ്സുള്ള ഒരു യു.പി. സ്കൂളിൽ പ്യൂണുണ്ട്. എന്നാൽ ഹയർസെക്കണ്ടറി സ്കൂളിൽ പ്യൂണില്ല. പ്രിൻസിപ്പലോ അദ്ധ്യാപകരോ ബെല്ലടിക്കേണ്ട ഗതികേടാണ്. രണ്ട് ലാബ് അസിസ്റ്റന്റുമാർ മാത്രമേയുള്ളൂ. പുതുതായി അനുവദിച്ച ലാബ് അസിസ്റ്റന്റുമാർക്ക് ഇപ്പോഴും അപ്രൂവൽ കൊടുത്തിട്ടില്ല. പലർക്കും പ്രായപരിധി പിന്നിടാൻ പോവുകയാണ്. പുതുതായിട്ടുള്ള പല ടീച്ചേ ഴ്സിനും അംഗീകാരം കൊടുത്തിട്ടില്ല. അന്ന് അനുവദിച്ച കേരളത്തിലെ എട്ട് സ്കൂളുകളിലെ ടീച്ചേഴ്സിന് അംഗീകാരം കൊടുത്തിട്ടില്ല. കോഴി ക്കോട് ജില്ലയിൽ മാതൃഭൂമിയുമായി ബന്ധപ്പെട്ട പി. വി. ചന്ദ്രന്റെ സ്കൂ ളിനും എന്റെ മണ്ഡലത്തിലെ വാസുദേവാശ്രമം ഹൈസ്കൂളിനും. രണ്ടു വർഷമായി പ്രവർത്തിക്കുന്ന സ്കൂളിൽ ഒറ്റ ടീച്ചേഴ്സിനുപോലും അംഗീ കാരം കൊടുത്തിട്ടില്ല. അതുകൊണ്ട് ഈ പ്രശ്നം പരിഹരിക്കാൻ തയ്യാറാ കണം. അതുപോലെ ലാബ് അസിസ്റ്റന്റുമാരായി ചേർന്ന ആളുകൾക്ക് അപ്രൂവൽ കൊടുക്കാൻ തയ്യാറാകണം. ഒരു ജില്ലയിൽ ഒരു ആർ.ഡി.ഡി

ആരംഭിക്കുന്ന രൂപത്തിൽ വരണം. കേരളത്തിൽ എയ്ഡഡ് സ്കൂളുകളാണ് മൊത്തത്തിൽ ഉള്ളത്. അവരുടെ ബില്ലുപോലും പാസ്സാക്കേണ്ടത് ആർ.ഡി.ഡികളാണ്. അത്തരം ആഫീസുകൾ ജില്ലാടിസ്ഥാനത്തിലാരംഭിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഹയർ സെക്കണ്ടറി വിദ്യാഭ്യാസം നലവിൽ വന്ന 1990-91 കാലഘട്ടത്തിൽ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ 32 ഹയർസെക്കണ്ടറി സ്കൂളുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ഗവൺമെന്റ് മേഖലയിലും സ്വകാര്യ മേഖലയിലും സ്വകാര്യ എയ്ഡഡ് മേഖലയിലും സ്വകാര്യ അൺ എയ്ഡഡ് മേഖലയിലുമായി 1839 ഹയർസെക്കണ്ടറി സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഈ സ്കൂളുകളുടെ വർദ്ധനക്കാനുപാതികമായി ഡയറക്ടറേറ്റിലും മൂന്ന് മേഖലാ ഓഫീസുകളിലും ജീവനക്കാരുടെ എണ്ണത്തൽ വർദ്ധനവുണ്ടായിട്ടില്ല. നിലവിൽ ഡയറക്ടറേറ്റിലും മൂന്ന് മേഖലാ ഓഫീസുകളിലുമായി ആകെ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന തസ്തികകൾ 208 എണ്ണമാണ്. മേൽ പ്രസ്താവിച്ച 208 സ്തികകളിൽ 157 തസ്തികകൾ ഡയറക്ടറേറ്റിലും 51 തസ്തികകൾ മേഖലാ ഓഫീസുകളിലുമാണുള്ളത്. മേൽപ്പറഞ്ഞ 157 തസ്തികകളിൽ 16 എണ്ണം മാത്രമാണ് 2001-ന് ശേഷം സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. ഹയർ സെക്കണ്ടറി

ഡയറക്ടറേറ്റിൽ ഭരണ അദ്ധ്യായന പരീക്ഷാ വിഭാഗങ്ങളിലെ ജീവനക്കാരുടെ എണ്ണത്തിലെ അപര്യാപ്തത ബോദ്ധ്യപ്പെട്ടതിനാൽ പരീക്ഷാ വിഭാഗത്തിൽ 68 ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. അതേപോലെ ഓരോ മേഖലാ ഓഫീസിലും നിലവിൽ സൃഷ്ടിക്കപ്പെട്ട തസ്തികകൾക്കു പുറമേ രണ്ടു ക്ലാർക്കുമാരെയും പ്യൂൺ, ഡ്രൈവർ എന്നിവയിൽ ഓരോരുത്തരെയും ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചു വരുന്നുണ്ട്. ഹയർ സെക്കണ്ടറി വകുപ്പിന് തിരുവനന്തപുരത്തും, എറണാകുളത്തും, കോഴിക്കോട്ടും മൂന്ന് മേഖലാ കേന്ദ്രങ്ങളാണ് നിലവിലുള്ളത്. നാലു മുതൽ അഞ്ച് ജില്ലകൾക്ക് വേണ്ടിയാണ് ഒരു റീജിയണൽ ഓഫീസ് പ്രവർത്തിക്കുന്നത്. എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും നിയമനാംഗീകാരം, ജീവനക്കാര്യങ്ങൾ, ശമ്പളം, പെൻഷൻ ഇവ സംബന്ധമായ കാര്യങ്ങൾ ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിലെ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും ശമ്പള ബില്ലുകൾക്ക് അംഗീകാരം നൽകൽ എന്നീ ചുമതലകളാണ് മേഖലാ ഓഫീസുകളിൽ പ്രധാനമായും നിർവ്വഹിച്ചു വരുന്നത്. നിലവലുള്ള സംവിധാനത്തിൽ പല അപാകതകളും അസൗകര്യങ്ങളുമുണ്ടെന്നുള്ള കാര്യം സർക്കാരിന് ബോധ്യപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ 19.7.2012-ൽ എന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതല അവലോകന യോഗത്തിൽ കണ്ണൂർ, കാസർഗോഡ് ജില്ലകൾക്കായി കണ്ണൂരും, മലപ്പുറം, പാലക്കാട് ജില്ലകൾക്കായി മലപ്പുറത്തും, കോട്ടയം, ആലപ്പുഴ,

പത്തനംതിട്ട ജില്ലകൾക്കായി ആലപ്പുഴയിലും മൂന്ന് മേഖലാ ഓഫീസുകൾ കൂടി രൂപീകരിക്കാൻ തീരുമാനിക്കുകയുണ്ടായി. അങ്ങനെ ആരംഭിക്കുന്ന ഓഫീസുകളിൽ വിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരെ പുനർവിന്യസിച്ച് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ ഓഫീസുമായി ചേർത്ത് രൂപീകരിക്കുന്നതിന്റെ പ്രായോഗികത പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഹയർ സെക്കണ്ടറി ഡയറക്ടർ ചെയർമാനും എസ്.ഇ.ആർ.ടി ഡയറക്ടർ, ഹയർ സെക്കണ്ടറി വകുപ്പിലെയും വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പിലെയും പൊതു വിദ്യാഭ്യാസ വകുപ്പിലെയും അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാർ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിക്കുവാനും തീരുമാനിച്ചു. ഈ വിഷയത്തിൽ കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് സർക്കാർ അനന്തര നടപടി സ്വീകരിക്കുന്നതാണ്. കഴിഞ്ഞ സർക്കാർ തൃശ്ശൂർ ജില്ലയിലെയും മലബാർ മേഖലയിലെയും തെരഞ്ഞെടുക്കപ്പെട്ട 177 സർക്കാർ എയ്ഡഡ് ഹൈസ്കൂളുകളിൽ 2010-11 വർഷത്തിൽ ഹയർ സെക്കണ്ടറി സ്കൂളുകളായി ഉയർത്തിയിരുന്നു. പ്രസ്തുത സ്കൂളൂകളിൽ 239 ഹയർസെക്കണ്ടറി സ്കൂൾ ടീച്ചർ ജൂനിയർ തസ്തികകളും 23 ഹയർസെക്കണ്ടറി സ്കൂൾ ടീച്ചർ തസ്തികകളും സൃഷ്ടിച്ചുകൊണ്ടും എയ്ഡഡ് സ്കൂളുകളിലെ ബാച്ചുകൾക്കായി 1510 ഹയർസെക്കണ്ടറി സ്കൂൾ ടീച്ചർ തസ്തികകളും 146 പ്രിൻസിപ്പൽ തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും സർക്കാർ ഉത്തരവ് പുറ

പ്പെടുവിച്ചിരുന്നു. 2010-11 വർഷത്തിൽ അനുവദിച്ച സ്കൂളുകളിലേക്കുള്ള അധിക തസ്തികകളുടെയും തസ്തിക ഉയർത്തലിന്റെയും പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. 2011-12 -ൽ കൊല്ലം, ആലപ്പുഴ, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ എട്ട് ജില്ലകളിൽ 550 അധിക ബാച്ചുകൾ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ അനുവദിച്ചുകൊണ്ടുത്തരവായിരുന്നു. ഈ ബാച്ചുകളിലേക്കാവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിന് മുന്നോടിയായുള്ള സ്റ്റാഫ് ഫിക്സേഷൻ നടപടികൾ പുരോഗമിച്ചു വരുന്നു. ഡയറക്ടറേറ്റിൽ നിന്നും ആവശ്യമായ ശുപാർശ ലഭിക്കുന്ന മുറയ്ക്ക് തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ഫയർ സ്റ്റേഷന്റെ ശോചനീയാവസ്ഥ

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : സർ, കഴിഞ്ഞ മാസം 28-ന് കണ്ണൂർ നഗരത്തിലുണ്ടായ ഒരു തീപ്പിടിത്തത്തിൽ അഞ്ചാറു കടകൾ കത്തിച്ചാമ്പലായി. ആ സന്ദർഭത്തിൽ ഫയർ ഫോഴ്സിന്റെ പ്രവർത്തനത്തിന് ആവശ്യമായ ഉപകരണങ്ങളില്ല, ജീവനക്കാരില്ല, ഡ്രൈവർമാരില്ല എന്നുള്ള പ്രശ്നം നമുക്കെല്ലാവർക്കും ബോദ്ധ്യപ്പെടുന്ന വിധത്തിൽ പ്രകടമാവുകയുണ്ടായി. പുലർച്ചെ ഈ അപകടമുണ്ടായപ്പോൾ, ഫയർ സ്റ്റേഷനിൽ രണ്ട് ഡ്രൈവർമാർ മാത്രമേയുണ്ടായിരുന്നുള്ളൂ. രണ്ടു വണ്ടി സംഭവസ്ഥലത്ത് എത്തിച്ചതിനുശേഷം അതിലെ ഡ്രൈവർ ടൂ വീലറിൽ പോയി മൂന്നാമത്തെ വണ്ടി എടുത്തു കൊണ്ടു വന്നു. സ്റ്റേഷനിനടുത്ത് അപകടം നടന്നതുകൊണ്ട് അങ്ങനെ ചെയ്യാൻ പറ്റി. ഇത് കാണിക്കുന്നത് എന്തെന്നു വച്ചാൽ; അവിടെ 12 ഡ്രൈവർമാരുടെ ഒഴിവുണ്ടെങ്കിലും ആകെ 5 ആളുകളെയുള്ളൂ. അന്ന് രണ്ട് പേർ മാത്രമാണുണ്ടായിരുന്നത്. മാത്രമല്ല, വെള്ളം പമ്പ് ചെയ്യുന്ന ആധുനിക സംവിധാനങ്ങളൊന്നുമില്ല. ഉയരത്തിൽ വെള്ളം പമ്പ് ചെയ്യണമെങ്കിൽ ലാഡർ വേണം. ടേൺ കേബിളിന്റെ ലാഡർ എന്നു പറയുന്ന സംവിധാനം കണ്ണൂരിലില്ല. അടുത്ത കെട്ടിടത്തിന്റെ മുകളിൽ കയറിയിരുന്നുകൊണ്ടാണ് വെള്ളം പമ്പ് ചെയ്യേണ്ടി വന്നത്. ഉയരത്തിൽ ചെയ്യാൻ വേണ്ടി പോലീസിന്റെ ജലപീരങ്കിയും കൊണ്ടുവരേണ്ടി വന്നു. ഇത് കാണിക്കുന്നത് ഫയർ സ്റ്റേഷ

ന്റെയും അതിന്റെ സൗകര്യങ്ങളുടേയും അപര്യാപ്തതയാണ്. മാത്രമല്ല, കണ്ണൂരിലെ ഫയർ സ്റ്റേഷൻ നിലനിൽക്കുന്ന കെട്ടിടം ചോർന്നൊലിക്കുന്നതാണ്. അത് പുനർനിർമ്മിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള വിദഗ്ധമായ ഒരു ഡി.പി.ആർ.-ന് കൊടുത്തിട്ടുണ്ട്, അതിന് പത്ത് പതിനൊന്ന് കോടി രൂപ വേണം. അതിനെ സംബന്ധിച്ചും ഒരു തീരുമാനം ഇതുവരെ എടുത്തിട്ടില്ല. ഇത് വളരെ ഗൗരവത്തോടു കൂടി ഗവൺമെന്റ് കാണുകയും കണ്ണൂർ ജില്ലയിൽ മാത്രമല്ല, ഈ രംഗത്തുള്ള പ്രശ്നങ്ങളും പ്രയാസങ്ങളും പരിഹരിക്കാൻ സാധിക്കുന്ന രീതിയിൽ അടിയന്തിരമായി ശ്രമം നടത്തണം. കട നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം കൊടുക്കുന്നതിനെ സംബന്ധിച്ചും അതുപോലെ തന്നെ കെട്ടിടം പുനർനിർമ്മിക്കുന്നതിന് ഗവൺമെന്റിന് നിവേദനം കൊടുത്തിട്ടുണ്ട്. ഇതിന്റെ കൂടെ അതുകൂടി പരിഹരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, ബഹുമാനപ്പെട്ട എ.പി. അബ്ദുള്ളക്കുട്ടി പറഞ്ഞ പൊതുവായ കാര്യങ്ങളെക്കുറിച്ചും ഫയർ സ്റ്റേഷന്റെ അപര്യാപ്തതകളെയും ഞാൻ അംഗീകരിക്കുകയാണ്. 28.11.2012 ബുധനാഴ്ച കണ്ണൂർ റെയിൽവേ സ്റ്റേഷന് എതിർവശമുള്ള നാലുമുറിക്കട അടക്കമുള്ള ഇരുനിലക്കെട്ടിടത്തിന് തീപിടിച്ചു. ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷന്റെ ഒരു കിലോമീറ്റർ അകലെയാണ് ഇത് സംഭവിച്ചത്. സ്റ്റേഷനിൽ ഉണ്ടായി

രുന്നവർ രക്ഷാപ്രവർത്തനത്തിന് വേണ്ടിയുള്ള അടിയന്തിരമായി നടപടികൾ നടത്തിയിട്ടുണ്ട്. കണ്ണൂർ നിലയത്തിൽ നിന്ന് ഉടൻ തന്നെ ഒരു അഗ്നിശമന യൂണിറ്റ് എത്തി രക്ഷാപ്രവർത്തനമാരംഭിച്ചു. കണ്ണൂരിൽ നിന്നും തലശ്ശേരിയിൽ നിന്നും രണ്ടു വീതവും തളിപ്പറമ്പ്, കൂത്തുപ്പറമ്പ്, മട്ടന്നൂർ എന്നിവിടങ്ങളിൽ നിന്നും ഓരോ യൂണിറ്റും എത്തി അഗ്നിശമന പ്രവർത്തനങ്ങൾ നടത്തുകയും തൊട്ടടുത്തുണ്ടായിരുന്ന കെട്ടിടങ്ങൾക്ക് അഗ്നിബാധയേൽക്കാതെ രക്ഷപ്പെടുത്തുകയും ചെയ്തു. അഗ്നിശമന സേനയിൽ ഡ്രൈവർമാരുടെ കുറവുണ്ടെന്നത് യാഥാർത്ഥ്യമാണ്. അതിനുവേണ്ടി പി.എസ്.സി. യുമായി ബന്ധപ്പെട്ട് റിക്രൂട്ട്മെന്റ് ത്വരിതപ്പെടുത്തി, 213 പേരുടെ അഡ്വൈസ് ലിസ്റ്റ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. അവർക്ക് പോലീസ് വെരിഫിക്കേഷൻ നടത്തി 2013 ജനുവരി മാസത്തിൽ അവരെ റിക്രൂട്ട് ചെയ്യാൻ കഴിയുമെന്നാണ് വിശ്വസിക്കുന്നത്. നാലുമാസമാണ് ഇവരുടെ പരിശീലനക്കാലം. പരിശീലനക്കാലം കഴിയുന്നതോടെ ഡ്രൈവർമാരുടെ കുറവ് പരിഹരിക്കാൻ കഴിയും. കണ്ണൂർ ഉൾപ്പെടുന്ന വടക്കൻ മേഖലകളിൽ 56 ഡ്രൈവർമാരെ പുതുതായി അനുവദിച്ചിട്ടുണ്ട്. ഫയർമാൻമാരുടെ കുറവും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടു. 501 ഫയർമാൻ മാരുടെ ട്രെയിനിംഗ് പരിശീലനം തൃശ്ശൂരിൽ നടന്നുവരികയാണ്. ഇവരുടെ പരിശീലനം തീരുന്നതോടെ ഫയർമാൻമാരുടെ കുറവു കൂടി പരിഹരിക്കാൻ കഴിയും. കണ്ണൂർ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ കെട്ടിടം കാലപ്പഴക്കം മൂലം വളരെ മോശമായ നിലയിലാണ് എന്നുള്ള

ബഹുമാന്യനായ എം.എൽ.എ. യുടെ പരാതി വളരെ അടിസ്ഥാനമുള്ളതാണ്. അത് പരിഹരിക്കുന്നതിന് വേണ്ടിയുള്ള നടപടി നടക്കുകയാണ്. നടപ്പുവർഷത്തെ ബഡ്ജറ്റിൽ കണ്ണൂർ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ നിർമ്മാണത്തിനായി 10,55,000 രൂപ വകയിരുത്തിയിട്ടുണ്ട്. കേബിൾ ലാഡർ എന്ന വാഹനം ഇപ്പോൾ അഗ്നിശമനവിഭാഗത്തിന്റെ കൈവശമില്ല. എന്നാൽ നടപ്പുവർഷം ഏരിയൽ പ്ലാറ്റ്ഫോം ലാഡർ വാങ്ങുന്നതിന് ബഡ്ജറ്റിൽ ഫണ്ട് വകയിരുത്തിയിട്ടുണ്ട്. പ്രധാനപ്പെട്ട ജില്ലകൾക്ക് ഏരിയൽ പ്ലാറ്റ്ഫോം ലാഡർ നൽകുന്ന സന്ദർഭത്തിൽ കണ്ണൂരിലും ഇത് പരിഹരിക്കാൻ കഴിയുന്നതാണ്.

**മനോജിന്റെ കൊലപാതകം**

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : സർ, കഴിഞ്ഞ ഓഗസ്റ്റ് മാസം 2-ാം തീയതി എന്റെ നിയോജകമണ്ഡലമായ ഉദുമയിലെ പള്ളിക്കര പഞ്ചായത്തിൽ വച്ച് മനോജ് എന്ന ചെറുപ്പക്കാരനെ ഒരു കൂട്ടം ആളുകൾ ചേർന്ന് ചവിട്ടി കൊല ചെയ്യുകയുണ്ടായി. നാലരമാസം കഴിഞ്ഞിട്ടും ഇന്നുവരെ ഏതെങ്കിലും ഒരു പ്രതിയെ അറസ്റ്റ് ചെയ്യാൻ പോലീസ് വകുപ്പ് തയ്യാറായിട്ടില്ലെന്നതാണ് വസ്തുത. ഓഗസ്റ്റ് മാസം രണ്ടാം തീയതി രാവിലെ സി.പി.ഐ.(എം.) ന്റെ ഒരു പ്രകടനം കമ്പക്കാട് എന്ന സ്ഥലത്ത് തുടങ്ങി തച്ചംക്കാട് സമാപിച്ചു. ആ പ്രകടനം കഴിഞ്ഞ് തിരിച്ചുവരുമ്പോൾ, ആ പ്രകടനത്തിന്റെ ഏറ്റവും പിന്നിൽ കടന്നു വരികയായിരുന്ന മനോജിനെ അവിടത്തെ ഭരണകക്ഷിയിൽപ്പെട്ട ഒരു കൂട്ടം ലീഗിന്റെ ആളുകൾ മർദ്ദിച്ച് അവശരാക്കി ചവിട്ടി റോഡിന്റെ സൈഡിലുള്ള ഡ്രൈനേജിലിട്ട് ശ്വാസം മുട്ടിച്ച് കൊന്ന ഒരു നടപടിയാണുണ്ടായത്. ഈ സംഭവം കണ്ട ആളുകളെല്ലാം അപ്പോൾ തന്നെ പോലീസിൽ വിവരമറിയിക്കുകയും അയാളെയെടുത്ത് ആശുപത്രിയിൽ എത്തിക്കുകയും അതിനു മുമ്പ് അയാൾ മരിക്കുകയും ചെയ്തു. പോലീസ് അന്വേഷണസ്ഥലത്ത് പോയി ഈ കാര്യങ്ങളൊക്കെ അറിഞ്ഞ് നടപടി എടുക്കുകയും ചെയ്തു. പക്ഷേ എഫ്.ഐ.ആർ. ഇടാനോ പ്രതികളുടെ പേരിൽ നടപടിയെടുക്കാനോ പോലീസ് തയ്യാറായില്ല.  പോലീസ് നടപടിയെടുക്കാത്തതിന്റെ പേരിൽ ആശുപത്രിയിൽ നിന്ന് പോസ്റ്റ്മോർട്ടം ചെയ്യാൻ പോലും കഴിയാത്ത

സ്ഥിതി വന്നു. അന്നേരം ഞാനും കുറച്ചു ആളുകളും ചേർന്ന് പോലീസ് സ്റ്റേഷനിൽ പോയി കാര്യം അന്വേഷിച്ചപ്പോഴാണ് പറഞ്ഞത്. ആഭ്യന്തര വകുപ്പിന്റെ മേലേ നിന്നും ഓർഡറുണ്ട്; ഇതു കൊലപാതകമല്ല അതു കൊണ്ട് കേസെടുക്കാൻ പാടില്ല, അതിന്റെ ഫലമായിട്ടാണ് കേസെടുക്കാ ത്തത് എന്നു പറഞ്ഞപ്പോൾ പോലീസ് സ്റ്റേഷനിനകത്ത് വച്ച് ഞങ്ങൾ പ്രശ്നമുണ്ടാക്കിയപ്പോഴാണ് എഫ്.ഐ.ആർ. ഇട്ട് വൈകുന്നേരം ഒരു പോലീസുകാരനെ ആശുപത്രിയിലാക്കാൻ തയ്യാറായത്. പോലീസ് ഇൻക ്വസ്റ്റ് നടത്തി നടപടി പൂർത്തീകരിച്ചാൽ മാത്രമേ ആശുപത്രിയിൽ പോസ്റ്റ്മോർട്ടം ചെയ്യാൻ സാധിക്കൂ. അന്ന് പോസ്റ്റ്മോർട്ടം ചെയ്യാൻ കഴി ഞ്ഞില്ലെന്നു മാത്രമല്ല അത് പോലീസ് നിർദ്ദേശപ്രകാരം പരിയാരം മെഡി ക്കൽ കോളേജിലേയ്ക്ക് അയയ്ക്കാൻ തീരുമാനിച്ചു. പരിയാരം മെഡി ക്കൽ കോളേജിൽ വച്ച് പിറ്റേദിവസം രാവിലെ പോസ്റ്റ്മോർട്ടം ചെയ്യണ മെന്ന് പറഞ്ഞപ്പോൾ അവിടത്തെ ഡോക്ടർമാരും തയ്യാറായില്ല. പോസ്റ്റ്മോർട്ടം ഇവിടെ ചെയ്യേണ്ടെന്ന് മേലേ നിന്ന് ഓർഡറുണ്ടെന്നാണ് അവർ പറഞ്ഞത്. അപ്പോൾ തന്നെ പരിയാരം മെഡിക്കൽ കോളേജിൽ വച്ച് ഞാൻ ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രിയെ വിളിച്ചു. ഒന്നിൽ കൂടുതൽ സർജന്മാർ കൂടി പോസ്റ്റ്മോർട്ടം ചെയ്യുന്നതാണ് നല്ലത്. അതിനുവേണ്ടി നിങ്ങൾ ഈ ബോഡിയെടുത്ത് കോഴിക്കോട് മെഡിക്കൽ കോളേജിൽ കൊണ്ടുപോകണം എന്നാണ് ആഭ്യന്തര വകുപ്പുമന്ത്രി എന്നോടു പറഞ്ഞത്. അങ്ങനെ പിറ്റേ ദിവസം കോഴിക്കോട് മെഡിക്കൽ

കോളേജിൽ കൊണ്ടുപോയതിനു ശേഷമാണ് പോസ്റ്റ്മോർട്ടം ചെയ്തത്. അപ്പോൾ ആഭ്യന്തര വകുപ്പ് ഇടപ്പെട്ട് കൊലപാതകമല്ല എന്നു വരുത്തി ത്തീർക്കാനും പ്രതികളെ രക്ഷിക്കാനുള്ള നടത്തിയ നടപടിയുടെ ഫലമാ യിട്ടാണ് ഇങ്ങനെ ഒന്നും രണ്ടും ദിവസം ആ ബോഡിയുമായി പോകേണ്ടി വന്നത്. പോലീസ് വകുപ്പ് ഇടപെട്ടതിന്റെ ഫലമായിട്ടാണ് അത് കൊലപാതകമല്ല എന്ന് ഈ ഗവൺമെന്റ് പ്രഖ്യാപിക്കാൻ വേണ്ടി പോകുന്നത്. നാലരമാസക്കാലമായിട്ടും പ്രതികളെ ആരെയെങ്കിലും പിടി ക്കുകയോ ഈ സംഭവുമായി ബന്ധപ്പെട്ട ആളുകൾ പോലീസിനോട് പോയി പറഞ്ഞ് മൊഴി കൊടുത്ത ആളുകളെ ചോദ്യം ചെയ്യാൻ പോലും പോലീസ് തയ്യാറായിട്ടില്ല. അങ്ങനെ- ആരും ചോദ്യം ചെയ്യാത്തതിന്റെ ഫലമായി ഇതെങ്ങനെയാണ് കൊലപാതകമല്ല എന്ന് ഗവൺമെന്റ് പറയു ന്നത്. ഒരു ഡോക്ടർ റിപ്പോർട്ട് ഉണ്ടെന്ന് പറഞ്ഞിട്ട് ഇത് കൊലപാതകമല്ല എന്ന് വ്യാഖ്യാനിക്കുന്ന ഗവൺമെന്റും ബന്ധപ്പെട്ട വകുപ്പും തയ്യാറായത് ശരിയാണോ? ഗൗരവമായ ഈ സംഭവം ഗൗരവമായിയെടുത്തുകൊണ്ട് ആ പ്രതികളെ അറസ്റ്റ് ചെയ്ത് നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരണം എന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാ കൃഷ്ണൻ): സർ, ശ്രീ. കെ. കുഞ്ഞിരാമൻ പറഞ്ഞതിനകത്ത് രണ്ടു കാര്യ ത്തിൽ ഞാൻ ഇടപെട്ടിട്ടുണ്ട്. ഒന്ന്, പോസ്റ്റ്മോർട്ടം നേരത്തെ നടത്തി

ക്കുന്നതിനു വേണ്ടി ഞാനതിനകത്ത് ശില്യേളല്യല ചെയ്യണമെന്ന് പറഞ്ഞു കൊണ്ട് പ്രതിപക്ഷ നേതാവ് എന്നെ വിളിച്ചിരുന്നു. രണ്ടാമത്തേത്, ഓൺ ദി വേയിൽ ശ്രീ. സതീഷ് ചന്ദ്രൻ, സി.പി.ഐ.(എം) ന്റെ ജില്ലാ സെക്ര ട്ടറിയും പ്രതിപക്ഷ നേതാവ് സംസാരിച്ചതിനുശേഷം എന്നോട് സംസാരി ച്ചിരുന്നു. രണ്ടുപേരും സംസാരിച്ചത് പോസ്റ്റ്മോർട്ടം വേഗത്തിൽ ആക്കു ന്നതിനു വേണ്ടിയുള്ള നടപടിയുണ്ടാകണം എന്നാണ്. അത് കോഴി ക്കോട് മെഡിക്കൽ കോളേജിലെ ഡോക്ടർമാരെ പരിയാരത്തു കൊണ്ടു വന്ന് എത്തിച്ച് ചെയ്യിക്കാൻ സാധിക്കുമോ എന്ന് പരിശോധിക്കാനാണ്. അതിനുവേണ്ടി ഞാൻ ആരോഗ്യ വകുപ്പ് മന്ത്രിയുമായും അദ്ദേഹത്തിന്റെ ഓഫീസുമായും ബന്ധപ്പെട്ടു. ആ രൂപത്തിൽ പോസ്റ്റ്മോർട്ടം ചെയ്യിക്കുന്ന തിനു വേണ്ടി എന്നെക്കൊണ്ട് ആവുന്ന എല്ലാ സഹായങ്ങളും, അത് പ്രതി പക്ഷ നേതാവും ശ്രീ. സതീഷ് ചന്ദ്രനും പറഞ്ഞതനുസരിച്ച് സഹായം എന്ന നിലയിൽ ഞാൻ ഇടപ്പെട്ടിട്ടുണ്ട് എന്നുള്ളത് സത്യമാണ്. ഇനി വകു പ്പിൽ നിന്നുള്ള മറുപടി ഞാൻ പറയാം. 02.08.2012-ന് ഉച്ചയ്ക്ക് 1 മണിയോടു കൂടി കാസർഗോഡ് ബേക്കൽ പോലീസ് സ്റ്റേഷൻ പരിധി യിൽപ്പെട്ട പനയാൽ ഗ്രാമത്തിൽ തച്ചങ്ങാട് ജംഗ്ഷനിൽ സി.പി.ഐ.(എം.) -ന്റെ ഹർത്താലുമായി ബന്ധപ്പെട്ട് പ്രകടനത്തിൽ പങ്കെടുത്ത് നിൽക്കുക യായിരുന്ന ശിവപ്രസാദ്, മനോജ് കുമാർ, പ്രിയേഷ് എന്നിവരെ മോട്ടോർ സൈക്കിളിലെത്തിയ മൗവ്വൽ, ഷാഫി തുടങ്ങിയ കണ്ടാലറിയാവുന്ന പതി നഞ്ചോളം പേർ ചേർന്ന് അടിച്ചും കുത്തിയും പരിക്കേൽപ്പിച്ചതിൽ

പ്രസ്തുത സംഭവത്തിൽ ഗുരുതരമായ പരിക്കേറ്റ മനോജ് കുമാർ, ഉദുമ സ്പെഷ്യാലിറ്റി ആശുപത്രിയിലും അവിടെ നിന്ന് കാസർഗോഡ് കെയർബെൽ ആശുപത്രിയിലും ചികിത്സയ്ക്കെത്തിച്ച സമയം മരണപ്പെട്ടു എന്ന് ശിവപ്രസാദിന്റെ മൊഴിയുടെ പ്രകാരം ബേക്കൽ പോലീസ് സ്റ്റേഷനിൽ ഇന്ത്യൻ ശിക്ഷാ നിയമം 143, 147, 148, 149, 341, 323, 324, 506 പാർട്ട് 2, 302 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 432/12 ആയി കേസ് രജിസ്റ്റർ ചെയ്തു. തുടർന്ന് അടൂർ സി.ഐ ഇൻക്വസ്റ്റ് നടത്തിയതിനുശേഷം കണ്ണൂർ റേഞ്ച് ഐ.ജി.-യുടെ നിർദ്ദേശപ്രകാരം കോഴിക്കോട് മെഡിക്കൽ കോളേജിലേയ്ക്കയച്ച് വിദഗ്ദ്ധ ഡോക്ടർമാരടങ്ങുന്ന ടീമിനെക്കൊണ്ട് പോസ്റ്റുമോർട്ടം നടത്തി. മരണകാരണം heart failure ആണെന്നും situation stress മൂലമാണ് അത് സംഭവിച്ചതെന്നും പോസ്റ്റുമോർട്ടം നടത്തിയ ഡോക്ടർമാരുടെ വിദഗ്ദ്ധ പാനൽ അഭിപ്രായപ്പെട്ടിട്ടുള്ളതാണ്. ഈ കേസിന്റെ അന്വേഷണം 03-08-2012-മുതൽ കാഞ്ഞങ്ങാട് അസിസ്റ്റന്റ് സൂപ്രണ്ട് ഓഫ് പോലീസ് ഏറ്റെടുത്ത് അന്വേഷിച്ച് വരികയാണ്. ഈ കേസുമായി ബന്ധപ്പെട്ട് 86 സാക്ഷികളുടെ മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്. ശിവപ്രസാദിന്റെ മൊഴിയിൽ നിന്നാണ് കേസ്സെടുക്കുന്നത്. മനോജിനോടൊപ്പം പരിക്കേറ്റതായി പറയുന്നതും ഈ കേസിലെ വാദികളായ ശിവപ്രസാദും സംഭവസ്ഥലത്തുണ്ടായിരുന്ന മറ്റ് സാക്ഷികളും അക്രമികൾ മനോജിനെ ആക്രമിച്ച വിധവും മറ്റും എഫ്.ഐ. മൊഴിയിൽ നിന്ന് വ്യത്യ

സ്തമായിട്ടാണ് പിന്നീട് പറഞ്ഞിട്ടുള്ളത്. ഇരുമ്പ് പൈപ്പുകൊണ്ട് അക്രമികൾ മനോജിന്റെ കഴുത്തിനും പുറത്തും കുത്തിയതായി ശിവപ്രസാദ് തന്റെ മൊഴിയിൽ പറയുന്നുണ്ടെങ്കിലും ഇൻക്വസ്റ്റ് റിപ്പോർട്ടിലോ പോസ്റ്റുമോർട്ടം സർട്ടിഫിക്കറ്റിലോ ഇത്തരത്തിലുള്ള പരിക്കുകൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടില്ല. മനോജിനെ ആദ്യം ചികിത്സയ്ക്കായി കൊണ്ടുപോയ ഉദുമ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിലെ ഡോക്ടർ സമീറിന്റെയും നേഴ്സ് സുനിതയുടെയും മൊഴിയിൽ മനോജ് കുഴഞ്ഞുനിലത്ത് വീണതാണെന്ന് ആശുപത്രിയിൽ കൊണ്ടുവന്നവർ പറഞ്ഞിരുന്നുവെന്നും ഡോക്ടറുടെ മൊഴിയിൽ കാർഡിയാക് അറസ്റ്റ് ആണെന്നും ഇൻജക്ഷനും കൃത്രിമ ശ്വാസോ ച്ഛ്വാസം നൽകിയിരുന്നുവെന്നും ശരീരത്തിൽ കാണത്തക്ക മറ്റ് പരിക്കുകളൊന്നും ഉണ്ടായിരുന്നില്ലെന്നും പറഞ്ഞിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇതാണ്. ഷുക്കൂർ വധക്കേസിൽ സി.പി.ഐ (എം) കണ്ണൂർ ജില്ലാ സെക്രട്ടറി ശ്രീ..പി. ജയരാജനെ പോലീസ് അറസ്റ്റ് ചെയ്ത സംഭവവുമായി ബന്ധപ്പെട്ട് 02-08-2012-ൽ സി.പി.ഐ (എം) ആഹ്വാനം ചെയ്ത ഹർത്താൽ ദിവസം സി.പി.എം.ലോക്കൽ കമ്മിറ്റി സെക്രട്ടറിയായിരുന്ന ശ്രീ. കണാരനെ ചിലർ അക്രമിച്ച വിവരം അറിഞ്ഞ് പ്രകോപിതരായ ഹർത്താലനുകൂലികളായ മനോജ് അടക്കമുള്ള പ്രവർത്തകർ സംഘടിച്ച് കയ്യിൽ വടിയുമായി ബേക്കൽ പോലീസ് സ്റ്റേഷൻ പരിധിയിലുള്ള അരവത്ത്ചെന്ന് ഐ.യു.എം.എൽ ഓഫീസിനും മറ്റും നേരെ ആക്രമണം നടത്തിയതിനുശേഷം ഉച്ചയ്ക്കുശേഷം 01.15

മണിയോടുകൂടി തച്ചങ്ങാട് ജംഗ്ഷനിലുള്ള പ്രിയദർശിനി ക്ലബിനുനേരെ അക്രമം നടത്തവേ മനോജ് സ്ഥലത്ത് കുഴഞ്ഞുവീണ് ചികിത്സയ്ക്കായി കൊണ്ടുപോയതിൽ ചികിത്സ ലഭിക്കാതെ മരണപ്പെടാൻ ഇടയായതായാണ് അന്വേഷണത്തിൽ വെളിവായിട്ടുള്ളത്. ഇതാണ് ഡിപ്പാർട്ട്മെന്റിൽ നിന്ന് നൽകിയിട്ടുള്ളത്. അങ്ങ് എന്റെ പേരുകൂടി പറഞ്ഞതുകൊണ്ട് ഞാൻ പറയുന്നു. പോസ്റ്റുമോർട്ടത്തിന്റെ കാര്യത്തിൽ പ്രതിപക്ഷ നേതാവും സി.പി.ഐ (എം)-ന്റെ ജില്ലാ സെക്രട്ടറിയും ഈ സഭയിൽ തന്നെ ദീർഘകാലം ഉണ്ടായിരുന്ന ശ്രീ. കെ.പി. സതീശ് ചന്ദ്രനും പറഞ്ഞപ്പോൾ അത് എളുപ്പത്തിൽ ആക്കുവാൻ പറ്റുമോയെന്നുള്ള കാര്യത്തിൽ മാത്രമാണ് ഞാൻ ഇടപെട്ടിട്ടുള്ളത്.

**കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് ബാങ്ക് വായ്പ**

ഡോ.ടി. എം. തോമസ് ഐസക്: സർ, ഏതാണ്ട് 2000 കോടിയോളം രൂപ നാട്ടിലെ സാധാരണക്കാർക്ക് വായ്പ നൽകുന്ന സംവിധാനമാണ് കുടുംബശ്രീ. പണം ലഭ്യമാക്കലാണ് പ്രധാനം, പലിശ പ്രശ്നമല്ല എന്ന സിദ്ധാന്തത്തോട് ഈ സഭയിലാരെങ്കിലും യോജിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. കുടുംബശ്രീയുടെ ബൈലോയിൽ 12 ശതമാനം പലിശ മാത്രമേ വാങ്ങുവാൻ പാടുള്ളൂവെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അത് ഉറപ്പുവ രുത്തുന്നതിനുവേണ്ടി രണ്ട് കാര്യങ്ങളാണ് ചെയ്തിരുന്നത്. അതിലൊന്ന് നബാർഡിന്റെ റീ-ഫിനാൻസ് കുടുംബശ്രീ വായ്പകൾക്ക് നൽകുമെന്ന് ഉറപ്പ് നൽകിയിരുന്നു. രണ്ടാമത്തേത് അങ്ങനെ റീ-ഫിനാൻസ് കിട്ടുന്നതു കൊണ്ട് 9 ശതമാനം പലിശയ്ക്ക് ബാങ്കിൽ വായ്പ നൽകുമെന്നും അതിൽ 5 ശതമാനം സർക്കാർ subvention നൽകി നാല് ശതമാനത്തിനേ കുടുംബശ്രീക്ക് ലഭ്യമാക്കൂവെന്നാണ് തീരുമാനം ഉണ്ടായിരുന്നത്. അതിൻപ്രകാരം നാലിലൊന്ന് കുടുംബശ്രീ യൂണിറ്റുകൾക്ക് 2010-11 വർഷ ത്തിൽ വായ്പ ലഭ്യമായിട്ടുണ്ട്. എന്നാൽ ഇപ്പോൾ നബാർഡ് ഇത്തര ത്തിൽ റീ-ഫിനാൻസ് ചെയ്യുന്നില്ല സർക്കാരിന്റെ subvention നൽകുന്ന തുമില്ല. അതിന്റെ ഫലമായി 12-13 ശതമാനം പലിശയ്ക്കാണ് വായ്പ കിട്ടുന്നത്. ബൈലോയിൽ 12 ശതമാനത്തിൽ കൂടുതൽ വാങ്ങുവാൻ പാടില്ലായെന്ന് നിഷ്കർഷയുള്ളതുകൊണ്ട് പല യൂണിറ്റുകളും ബാങ്കിൽ

നിന്ന് ബാങ്ക് ലിങ്കേജ് എടുക്കുന്നത് നിർത്തിവച്ചിരിക്കുകയാണ്. സെക്രട്ടേറിയറ്റിന്റെ മുമ്പിൽ നടന്ന സമരത്തിന്റെ ഭാഗമായി നടന്ന ഒത്തുതീർപ്പിൽ ആറ് ശതമാനം പലിശയ്ക്ക് വായ്പ നൽകുന്നതിന് ഏർപ്പാട് ഉണ്ടാക്കുമെന്ന് സർക്കാർ സമ്മതിച്ചതാണ്. ഇതുവരെയും ചെയ്തിട്ടില്ല. അടിയന്തരമായി ഇടപെട്ട് ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, ബാങ്ക് ലിങ്കേജ് വായ്പ എടുക്കുന്ന അയൽക്കൂട്ടങ്ങൾക്കും വായ്പ എടുത്ത് സംഘകൃഷി ചെയ്യുന്ന ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്കും പലിശ ഇളവ് ലഭിക്കുന്ന പദ്ധതിയാണ് പലിശ സബ്സിഡി സ്കീം. 22.10.2009-ലെ സർക്കാർ ഉത്തരവ് പ്രകാരമാണ് പലിശ സബ്സിഡി സ്കീം നടപ്പിലാക്കി വരുന്നത്. ഈ ഉത്തരവ് പ്രകാരമാണ് കുടുംബശ്രീയും ബാങ്കുകളും ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുള്ളത്. ഏഴ് ബാങ്കുകൾ മാത്രമാണ് ഈ സ്കീം നടപ്പിലാക്കുന്നതിന് മുന്നോട്ട് വന്നത്. ഇതിൻപ്രകാരം 9 ശതമാനം പലിശ നിരക്കിൽ ബാങ്കുകൾ വായ്പ നൽകണമെന്നാണ് വ്യവസ്ഥ. നാല് ശതമാനം ഗുണഭോക്താക്കളും ശേഷിച്ച അഞ്ച് ശതമാനം കുടുംബശ്രീ പലിശ ഇളവിനത്തിൽ ബാങ്കുകൾക്ക് നൽകുകയുമാണ് ചെയ്യുന്നത്. പരമാവധി തിരിച്ചടവ് കാലാവധി മൂന്ന് വർഷമാണ്. ഒരു ലക്ഷം രൂപ വരെയുള്ള എല്ലാ ബാങ്ക് ലിങ്കേജ് ജെ.എൽ.ജി വായ്പകൾക്കും പലിശ സബ്സിഡി ലഭിക്കുന്നതാണ്. 7 ദേശ

സാൽകൃത ബാങ്കുകൾക്ക് പുറമേ ജില്ലയിലെ കോ-ഓപ്പറേറ്റീവ് ബാങ്കുകളും ഇതിൽ ഉൾപ്പെട്ടിരുന്നു. പലിശ സബ്സിഡി സ്കീം ഓപ്പറേഷൻ ഗൈഡ് ലൈൻ എസ്.എൽ.ബി.സി അംഗീകരിച്ച സമയത്ത് ബാങ്കുകളിൽ ബേസ് റേറ്റ് നിലവിൽ ഉണ്ടായിരുന്നില്ല. .അതിനുശേഷമാണ് ബാങ്കുകളിൽ ബേസ് റേറ്റ് നിലവിൽ വന്നത്. പ്രസ്തുത ബേസ് റേറ്റ് നിലവിൽ വന്ന സാഹചര്യത്തിൽ  ടി റേറ്റിൽ കുറച്ച് വായ്പ നൽകുവാൻ സാധ്യമല്ലായെന്ന് ബാങ്കുകൾ അറിയിക്കുകയുണ്ടായി. ഇതിൻപ്രകാരം പലിശ സബ്സിഡിയിൽ മാറ്റം കൊണ്ടുവരുന്നതിനുള്ള നടപടികൾ  സ്വീകരിച്ചു. ഈ പ്രൊപ്പോസൽ പ്രകാരം ബാങ്കുകൾ  ബേസ് റേറ്റിന്റെ അടിസ്ഥാനത്തിൽ വായ്പകൾ നൽകുകയും പലിശ നിരക്കിന്റെ 7 ശതമാനം അയൽക്കൂട്ടങ്ങൾ അടയ്ക്കുകയും ശേഷിക്കുന്ന പലിശ നിരക്ക് കുടുംബശ്രീ മിഷൻ നൽകുന്ന തരത്തിലാണ് പുതിയ സ്കീം ചിട്ടപ്പെടുത്തിയിരിക്കുന്നത്. ഇതനുസരിച്ച് നിലവിലുള്ള പലിശ സബ്സിഡി സ്കീമിൽ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. പുതിയ സ്കീം അനുസരിച്ച് 7 ശതമാനം പലിശ നിരക്കിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് വായ്പ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. അതോടൊപ്പം അന്ന് പറഞ്ഞ ധാരണയുടെ അടിസ്ഥാനത്തിൽ ഇത് നാല് ശതമാനം പലിശ നിരക്കാക്കി മാറ്റുന്നതിനുവേണ്ടി ശ്രമിക്കുമെന്നാണ് അന്ന് ഉണ്ടായിട്ടുള്ള ധാരണ. തീർച്ചയായും അത് നാല് ശതമാനമാക്കുന്നതിനുവേണ്ടിയുള്ള പരിശ്രമം നടത്തും.

## കരമന-കിള്ളിയാർ നദികളുടെ ശുചീകരണം

ശ്രീ. വി. ശിവൻകുട്ടി: സർ, തിരുവനന്തപുരം നഗരത്തിൽകൂടി ഒഴുകുന്ന പ്രധാന നദിയായ കരമനയാർ പശ്ചിമഘട്ടത്തിലെ ചെമ്മുഞ്ചിയിലെ മലകളിൽ നിന്ന് ഉത്ഭവിച്ച് 68 കി.മീ-ഓളം പടിഞ്ഞാറോട്ടൊഴുകി നേമം നിയോജകമണ്ഡലത്തിലെ പനത്തുറ കായലിൽവച്ച് അറബിക്കടലിൽ പതിക്കുകയാണ്. കരമനയാറിന്റെ പ്രധാന കൈവഴിയായ കിള്ളിയാർ നെടുമങ്ങാട് താലൂക്കിലെ പനവൂരിൽ നിന്ന് ഉത്ഭവിച്ച് തിരുവനന്തപുരം നഗരത്തിലെ വഴയില, മണ്ണാമൂല, മരുതംകുഴി, ഇടപ്പഴഞ്ഞി, ജഗതി, കിള്ളിപ്പാലം, ആറ്റുകാൽ, കാലടി തുടങ്ങിയ ഭാഗങ്ങളിൽക്കൂടി ഒഴുകി പള്ളത്തുകടവിൽവച്ച് കരമനയാറ്റിൽ ചേരുകയാണ്. ഗ്രാമപ്രദേശങ്ങളിൽ തെളിമയോടെയും സുഗമമായും ഒഴുകുന്ന നദികൾ നഗരത്തിൽ പ്രവേശിക്കുമ്പോൾ നഗരവാസികളുടെ ദുരുപയോഗം കാരണം മലീമസമായും ഗതി മാറിയും ഒഴുക്ക് കുറഞ്ഞ് ശോചനീയമായ അവസ്ഥയിലാണ് കാണുന്നത്. തിരുവനന്തപുരം നഗരത്തിലൂടെ ഒഴുകുന്ന ഈ രണ്ട് നദികളും മുൻകാലങ്ങളിൽ ജനങ്ങളുടെ കുടിവെള്ളത്തിനും കൃഷിക്കും മറ്റ് ആവശ്യങ്ങൾക്കുമുള്ള പ്രധാന ജല സ്രോതസ്സായിരുന്നു. നദീതീരത്തെ അനധികൃത കയ്യേറ്റംമൂലമുള്ള വനനശീകരണവും അതുമൂലമുള്ള മണ്ണിടിച്ചിൽ അമിതമായുള്ള അനധികൃത മണൽ ഖനനം, നിയന്ത്രണമില്ലാതെ നദിയിലേയ്ക്ക് വലിച്ചെറിയുന്ന മാലിന്യങ്ങൾ, കച്ചവട സ്ഥാപനങ്ങൾ, മാർക്കറ്റുകൾ, ആശുപത്രികൾ, ഫ്ളാറ്റുകൾ, വീടുകൾ, വ്യവസായ ശാലകൾ,

ഓടകൾ എന്നിവിടങ്ങളിൽ നിന്നുമുള്ള ഖര-ദ്രവ മാലിന്യങ്ങളുടെ നിക്ഷേപവും വെള്ളപ്പൊക്കം മൂലമുള്ള ബണ്ടിടിച്ചിൽ എന്നിവയാണ് കരമ നയാറിനെയും കിള്ളിയാറിനെയും അനുദിനം നശിപ്പിക്കുകയും മലീമസ മാക്കുകയും ചെയ്യുന്ന പ്രധാന ഘടകങ്ങൾ. മേൽപ്പറഞ്ഞത് കൂടാതെ കര മനയാറിന്റെ കുന്നപ്പുഴ, തൃക്കണ്ണാപുരം, പാപ്പനംകോട് തുടങ്ങിയ തീരദേ ശങ്ങളിൽ അനധികൃത മണൽ ഖനനം കാരണമുള്ള കരയിടിച്ചിൽ വ്യാപ കമാണ്. മണൽമാഫിയയുടെ ഇത്തരം പ്രവർത്തികൾ നദിയുടെ നില നിൽപ്പിന് ഭീഷണി ഉയർത്തുകയാണ്. ഇതുകൂടാതെ കരമനയാർ കടലിൽ പതിക്കുന്ന തിരുവല്ലം ഭാഗത്ത് മാലിന്യവാഹിയായിട്ടുള്ള പാർവ്വതിപുത്ത നാർ കരമനയാറുമായി ചേർന്ന് പ്രധാന ജലസ്രോതസ്സിനെ ഏറ്റവും കൂടു തൽ മലീമസമാക്കുകയാണ്. അത്യന്തം ഗുരുതരമായ ഈ സ്ഥിതി ഏറ്റവും ഗൗരവമായി എടുത്ത് കരമനയാറിലേയും കിള്ളിയാറിലേയും മേൽ വിവരിച്ച പ്രശ്നങ്ങൾ എത്രയും വേഗം പരിഹരിച്ച് ശുചീകരിക്കു വാനും സംരക്ഷിക്കുവാനുമുള്ള നടപടി സ്വീകരിക്കുവാൻ സർക്കാർ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): കരമന - കിള്ളി നദികളുടെ മാലിന്യനിർമ്മാർജ്ജനത്തിനും മറ്റുമായി 505 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ 18.01.2012-ൽ കൂടിയ മന്ത്രിസഭായോഗത്തിൽ വെള്ളപ്പൊക്ക നിവാരണത്തിനും മാലി

ന്യനിർമ്മാർജ്ജനത്തിനുമായി 27 കോടി രൂപയ്ക്കുള്ള ഹ്രസ്വകാല പദ്ധതികൾ അനുവദിക്കുകയുണ്ടായി. അതിന്റെ പണികൾ നടന്നുകൊണ്ടിരിക്കുകയാണ്. ദീർഘകാല അടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ സാങ്കേതിക പാരിസ്ഥിതിക വിഷയങ്ങളും വെള്ളപ്പൊക്ക നിവാരണത്തിന്റെയും പഠന റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ന്യൂഡൽഹിയിലെ റൈറ്റ്സ് എന്ന സ്ഥാപനത്തെ ഏൽപ്പിക്കുവാൻ മന്ത്രിസഭയുടെ തീരുമാനപ്രകാരം ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. അതനുസരിച്ച് കരമന-കിള്ളിയാറുകളുടെ പഠനം റൈറ്റ്സ് ആരംഭിച്ച് കഴിഞ്ഞു. ഏഴ് മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുവാനാണ് നിർദ്ദേശിച്ചിരിക്കുന്നത്. തീരുമാനം എടുത്തിട്ട് മൂന്ന് മാസം കഴിഞ്ഞിരിക്കുന്നു. അനുവദിച്ച ഹ്രസ്വകാല പദ്ധതികൾ നടപ്പിലാക്കി വരുന്നു. റൈറ്റ്സിന്റെ പദ്ധതി നടപ്പിലായാൽ 505 കോടി രൂപയുടെ പദ്ധതിയിൽ നടപ്പാക്കുന്നതാണ്.

**കടൽഭിത്തി നിർമ്മാണം**

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, മലപ്പുറം ജില്ലയിൽ ഏറെ കടൽത്തീരമുള്ള ഒരു മണ്ഡലമാണ് പൊന്നാനി. കഴിഞ്ഞ അഞ്ചാറ് മാസമായി അതി രൂക്ഷമായ കടൽക്ഷോഭം അനുഭവപ്പെടുന്ന പുതുപൊന്നാനി, ജിലാനി നഗർ പ്രദേശങ്ങളിലെ പ്രശ്നം നിരന്തരമായി മന്ത്രിമാരുടെയും സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഇവിടെ ഏതാണ്ട് ഒരു കിലോമീറ്ററോളം കടൽഭിത്തിയില്ലാത്തതുമൂലം കടൽ 500 മീറ്ററോളം വീതിയിൽ കയറി വന്നു. വസ്തു നികുതി അടയ്ക്കുന്ന ഭൂമിയിലെ മുപ്പതോളം വീടുകൾ പൂർണ്ണമായി കടലെടുത്ത് പോയി. നൂറുമീറ്റർ കൂടി കടൽ കയറിയാൽ തീരദേശ റോഡുകൾ, സ്കൂളുകൾ എന്നിവയൊക്കെ കടലെടുക്കുന്ന സ്ഥിതിയാകും. അൻപതും അറുപതും വർഷം പ്രായമുള്ള നൂറുക്കണക്കിന് തെങ്ങുകളാണ് കടൽക്ഷോഭത്തിൽ നശിച്ചുപോയത്. വീടും സ്ഥലവും നഷ്ടപ്പെട്ടവർ ദുരിതാശ്വാസ ക്യാമ്പുകളിൽ നരകതുല്യമായ ജീവിതം നയിക്കുകയാണ്. ഇവിടെ കടൽഭിത്തി കെട്ടുന്നതിന് മൂന്നുകോടി രൂപയുടെ ഒരു ഡി.പി.ആർ ജലവിഭവ വകുപ്പിന് സമർപ്പിച്ചിട്ടുണ്ടെങ്കിലും ധനകാര്യ വകുപ്പിൽ നിന്നും അനുമതി കിട്ടാതെ കിടക്കുകയാണ്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിലും ഈ പ്രശ്നം ഞാൻ ഉന്നയിച്ചിരുന്നു. ഇതുസംബന്ധിച്ച് നിരവധി കത്തുകൾ മുഖ്യമന്ത്രിക്കും ജലവിഭവ-ധനകാര്യ മന്ത്രിമാർക്കും നൽകിയതാണ്. തീരദേശത്തെ ആയിരക്കണക്കിന് മത്സ്യത്തൊഴിലാളി

കൾ പ്രതിഷേധ സൂചകമായി അവിടെ മനുഷ്യഭിത്തി സംഘടിപ്പിക്കുകയുണ്ടായി. വ്യവസായ വകുപ്പുമന്ത്രി നേരിട്ട് സ്ഥലം കാണുകയുണ്ടായി. മുഖ്യമന്ത്രിയെ നേരിട്ട് കണ്ട് പറഞ്ഞപ്പോൾ ആവശ്യമായ തുക അനുവദിക്കുമെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. എന്നാൽ നാളിതുവരെയും ഒരു നടപടിയുമുണ്ടായില്ല. മാത്രമല്ല ഇപ്പോൾ കടൽക്ഷോഭത്തിൽ വീട് നഷ്ടപ്പെട്ടവരുടെ കാര്യത്തിൽ അത് പ്രകൃതിക്ഷോഭമായി കണക്കാക്കാൻ സാധിക്കില്ലെന്ന സമീപനം സ്വീകരിക്കുകയാണ്. കടൽ പ്രകൃതിയുടെ ഒരു ഭാഗമല്ല എന്നുള്ള നിലപാട് എങ്ങനെയാണ് യാഥാർത്ഥ്യമാകുന്നത്? സുനാമി കാലഘട്ടത്തിൽ ഇതായിരുന്നോ സമീപനം? കടൽക്ഷോഭത്തിൽപ്പെട്ടവർക്ക് പ്രകൃതിദുരന്തത്തിന്റെ സഹായം കൊടുക്കാൻ പറ്റില്ലെന്ന് റവന്യൂ വകുപ്പുമന്ത്രി നേരിട്ട് എനിക്ക് കത്ത് തന്നിരിക്കുകയാണ്. ഈ പ്രശ്നത്തിൽ അടിയന്തിരമായി ഇടപെടണമെന്നും ഈ പറയുന്ന ഗ്യാപ്പ് ഫിൽ ചെയ്തിട്ടില്ലെങ്കിൽ അതിരൂക്ഷമായ പ്രശ്നം ഭാവിയിൽ വരാൻ ഇടയുണ്ടെന്നും ഈ സബ്മിഷനിലൂടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇനിയും കടൽഭിത്തി കെട്ടിയില്ലെങ്കിൽ എൻ.എച്ച് 17, ഹയർ സെക്കന്ററി സ്കൂൾ, പോലീസ് സ്റ്റേഷനുകൾ, സുനാമി പുനരധിവാസ കോളനികൾ, എം.ഇ.എസ് കോളേജ്, എണ്ണമറ്റ വീടുകൾ എന്നിവ പൂർണ്ണമായും കടലെടുക്കുന്ന സ്ഥിതിയുണ്ടാകുമെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, ഈ പ്രശ്നത്തിന്റെ ഗൗരവം ഗവൺമെന്റ് മനസ്സിലാക്കിയിട്ടുണ്ട്. പൊന്നാനി മുനിസിപ്പാലിറ്റിയിലെ പുതുപൊന്നാനി മേഖലയിൽ ജിലാനി നഗർ മുതൽ അൽഹുറൈ പള്ളി വരെ 845 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മിക്കുന്നതിനായി 300 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സർക്കാരിന് ലഭിക്കുകയുണ്ടായി. ഈ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനാവശ്യമായ ഫണ്ട് ലഭ്യമല്ലാത്തതിനാൽ ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിനായി ഫയൽ ധനകാര്യ വകുപ്പിന് കൈമാറുകയുണ്ടായി. ഫയൽ ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. ഇത് അനുവദിച്ച് കിട്ടാൻ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

**മത്സ്യബന്ധന നിരോധനവുമായി ബന്ധപ്പെട്ട ആശങ്ക**

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, കൊച്ചി പുതുവൈപ്പിനിലെ എൽ.എൻ.ജി ടെർമിനൽ, വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ, കൊച്ചിൻ പോർട്ട് എന്നിവയുടെ സുരക്ഷയുമായി ബന്ധപ്പെട്ട് ആ പ്രദേശത്ത് മത്സ്യബന്ധനം നിരോധിക്കുമെന്ന ഒരു ആശങ്ക ഉണ്ടായിരിക്കുകയാണ്. ഇതിന്റെ പേരിൽ കഴിഞ്ഞ ഡിസംബർ എട്ടാം തീയതി കൊച്ചിയിൽ ഒരു മനുഷ്യക്കടൽ തീർക്കുകയുണ്ടായി. നമ്മുടെ സഭയിലെ ബഹുമാന്യരായ ഡോ. ടി.എം. തോമസ് ഐസക്, എം.എ. ബേബി, എസ്. ശർമ്മ എന്നിവരൊക്കെ അതിൽ പങ്കെടുത്തു. തീരദേശ കോ-ഓർഡിനേഷൻ കമ്മിറ്റിയാണ് സമരം പ്രഖ്യാപിച്ചത്. ഇങ്ങനെ വന്നപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഞങ്ങൾ കണ്ടതനുസരിച്ച് അദ്ദേഹം കളക്ടറെക്കൊണ്ട് ഒരു മീറ്റിംഗ് വിളിപ്പിച്ചു. ആ യോഗത്തിൽ നേവിയുടെയും കൊച്ചിൻ പോർട്ടിന്റെയും സി.ഐ.എസ്.എഫ്-ന്റെയുമൊക്കെ പ്രതിനിധികൾ പങ്കെടുത്തു. നേവി പറഞ്ഞു, അങ്ങനെയൊരു നിരോധനവും അവർ ആവശ്യപ്പെട്ടിട്ടില്ല. മറിച്ച് കൊച്ചിൻ പോർട്ട് ഉണ്ടായ കാലം തൊട്ട് ചില നിയന്ത്രണങ്ങൾ അവിടെയുണ്ട്. നങ്കൂരം ഇടുന്ന കപ്പലിന്റെ 50 മീറ്റർ ദൂരത്ത്പാടില്ല. അഴിമുഖത്ത് മത്സ്യബന്ധനം നടത്താൻ പാടില്ല. നേവൽ ഷിപ്പുകൾ അവിടെ കിടക്കുന്നുണ്ടെങ്കിൽ അതിന്റെ 50 മീറ്ററിനുള്ളിൽ മത്സ്യബന്ധനം നടത്താൻ പാടില്ല. ഇപ്പോൾ നിയന്ത്രണം അവിടെയുണ്ട്. എന്നുമാത്രമല്ല, ലക്ഷക്കണക്കിന് ടൺ ഗ്യാസും അതുപോലെ പെട്രോൾ ഉൽപ്പന്ന

ങ്ങളും സ്റ്റോർ ചെയ്യുന്ന വലിയ സ്റ്റോറേജ് വരുമ്പോൾ തീർച്ചയായിട്ടും അവിടെ സുരക്ഷ ആവശ്യമാണ്. കറാച്ചി പോർട്ട് തകർന്നത് ഗ്രാന്റ് ഗ്രനൈഡ് വച്ച് രണ്ട് നോട്ടിക്കൽ മൈലിൽ നിന്നും എറിഞ്ഞിട്ടാണ്. അതുകൊണ്ട് നേവി ആകെ ആവശ്യപ്പെട്ടത് ഒരു നിയന്ത്രണത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കണമെന്നാണ്. പക്ഷേ ഇതുപറഞ്ഞ് മനുഷ്യക്കടൽ ഉണ്ടാക്കുകയും അവിടെ വലിയ ആശങ്ക ഉണ്ടായിരിക്കുകയുമാണ്. അതുകൊണ്ട് എനിക്ക് രണ്ടുമൂന്ന് കാര്യങ്ങൾ അറിയേണ്ടതുണ്ട്. ഒന്ന്, ഇൻഡ്യൻ നേവി അവിടെ മത്സ്യബന്ധനം നിരോധിക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ മുൻപിൽ വച്ചിട്ടുണ്ടോ; അങ്ങനെ വച്ചിട്ടുണ്ടെങ്കിൽ എന്താണ് സർക്കാരിന്റെ അതിൻമേലുള്ള തീരുമാനം? രണ്ട്, ഇക്കാര്യത്തിൽ വ്യക്തത വരുത്തി ഈ ആശങ്ക ഒഴിവാക്കണം. അതോടൊപ്പം ഈ മേഖലയിൽ പണിയെടുക്കുന്ന കായലിലെ കൊച്ചു വഞ്ചിക്കാരുണ്ട്. അവർക്കെല്ലാം ഐഡന്റിറ്റി കാർഡ് കൊടുക്കുന്ന കാര്യം ഗവൺമെന്റ് ആലോചിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

<u>മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു)</u>: സർ, എൽ.എൻ.ജി ടെർമിനലിന് രണ്ട് നോട്ടിക്കൽ മൈൽ ചുറ്റളവിൽ മത്സ്യബന്ധനം നിരോധിക്കുവാൻ പോകുകയാണെന്ന് പ്രചരിപ്പിച്ച് ചില സംഘടനകൾ സമരത്തിനൊരുങ്ങുന്നതിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലാ കളക്ടർ 06.12.2012-ന് ഒരു യോഗം വിളിച്ചു

ചേർക്കുകയുണ്ടായി. ടി യോഗത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ.മാരായ ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, ശ്രീ. ഹൈബി ഈഡൻ എന്നിവരും നേവി, സി.ഐ.എസ്.എഫ്, മറൈൻ എൻഫോഴ്സ്മെന്റ് പ്രതിനിധികൾ, ജനപ്രതിനിധികൾ, തൊഴിലാളി പ്രതിനിധികൾ, ഫിഷറീസ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തിരുന്നു. കൊച്ചിയിലെ എൽ.എൻ.ജി ടെർമിനൽ, വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ, കൊച്ചി തുറമുഖം, ബി.പി.സി.എൽ. ടാങ്ക്, ഫേം ഐ.ഒ.സി., ടാങ്ക്ഫേം എന്നീ അതിപ്രധാനമായ സ്ഥാപനങ്ങളുടെ സുരക്ഷിതത്വത്തിനായി ഈ പ്രദേശം നിയന്ത്രിതമേഖലയായി പരിഗണിച്ച് ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തണമെന്ന് കേരള സർക്കാരിനോട് നേവൽ അധികൃതർ ആവശ്യപ്പെട്ടിരുന്നു. കൊച്ചി പുതുവൈപ്പിനിലെ എൽ.എൻ.ജി ടെർമിനലിൽ നിന്നും വടക്കോട്ട് ഒന്നര നോട്ടിക്കൽ മൈൽ ദൂരത്തിലും പടിഞ്ഞാറോട്ട് രണ്ട് നോട്ടിക്കൽ മൈൽ ഭാഗത്തും കടലിൽ രാജ്യസുരക്ഷയുടെ ഭാഗമായി നിയന്ത്രണവും നിരീക്ഷണവും ഏർപ്പെടുത്തണമെന്നാണ് നേവിയുടെ ആവശ്യം. എന്നാൽ ഇതിനെ മത്സ്യബന്ധനം നടത്തുന്നതിന് നിരോധനം ഏർപ്പെടുത്തുന്നു എന്ന് വ്യാഖ്യാനിച്ച് പ്രചരണം ഒരുകൂട്ടർ നടത്തിവരുന്നു. ഇത് തികച്ചും അടിസ്ഥാനരഹിതമായ പ്രചരണമാണ്. മത്സ്യബന്ധനത്തിന് യാതൊരുവിധമായ നിരോധനവും ഏർപ്പെടുത്തിയിട്ടില്ല. രാജ്യസുരക്ഷയുടെ ഭാഗമായി കപ്പൽ ചാലിലും യുദ്ധകപ്പലുകളുടെയും ഓയിൽ ടാങ്കർ ബർത്തിന് സമീപത്തും ബോട്ടുകളിലും വള്ളങ്ങളിലും മത്സ്യബന്ധനം

നടത്തുന്നതിന് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക മാത്രമാണ് ചെയ്തിട്ടുള്ളത്. കൊച്ചിയിലെ നേവൽ കമാന്റിംഗ് ഓഫീസറുമായി ഞാൻ ബന്ധപ്പെട്ടിരുന്നു. അദ്ദേഹം അറിയിച്ചിരിക്കുന്നത് ഇതാണ്, Navy cannot declare any area as No Fishing Zone and only Government have the authority to do that. 12 നോട്ടിക്കൽ മൈലിന് അപ്പുറമുള്ള കടലിൽ പട്രോളിംഗ് നടത്തുകയാണ് നേവിയുടെ ഉത്തരവാദിത്തം. അതുവരെയുള്ള പ്രദേശങ്ങൾ കോസ്റ്റൽ പോലീസാണ് പട്രോളിംഗ് നടത്തേണ്ടത്. മത്സ്യബന്ധനത്തിന് നിരോധനം ഏർപ്പെടുത്തുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരിന് മാത്രമേയുള്ളു. സംസ്ഥാന സർക്കാർ അത്തരത്തിലൊരു നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല എന്ന വസ്തുത ഞാൻ ഈ സഭയെ അറിയിക്കുന്നു. നേവി അയച്ച കത്തിലെ ചുരുക്കം പറയാം, “the Navy’s responsibility for patrolling the sea is beyond 12 nautical mile and this area upto 5 nautical mile patrolling is the responsibility of the coastal police. It was made very clear that the Navy cannot declare any area as no fishing zone and only Government have the authority to do that.” ഇത് അവർ തന്നിട്ടുള്ള കത്താണ്. ഒരു കാരണവശാലും അവിടെ നിരോധനം ഏർപ്പെടുത്തിയിട്ടില്ല. എന്നുമാത്രമല്ല ജില്ലാ കളക്ടർ സമരത്തിന് ആഹ്വാനം ചെയ്ത സംഘടനകളുമായി ചർച്ച ചെയ്യുന്നതിനായി യോഗം വിളിച്ചുകൂട്ടി. ആ

സമരത്തിന് ആഹ്വാനം ചെയ്ത സംഘടനകൾ ആ യോഗത്തിൽ പങ്കെടുത്തിരുന്നില്ല. ഗവൺമെന്റിന് അങ്ങനെ യാതൊരു ഉദ്ദേശവുമില്ല. നേവി അങ്ങനെയൊരു ആവശ്യം ഉന്നയിച്ചിട്ടില്ല. പിന്നെ എന്തുകൊണ്ടാണ് സഭയിലെ ബഹുമാന്യ അംഗങ്ങൾ ആ സമരത്തിൽ പങ്കെടുത്തത് എന്ന് എനിക്ക് അറിഞ്ഞുകൂടാ. ഏതായാലും സർക്കാർ ശ്രീ. ഡൊമിനിക് പ്രസന്റേഷൻ ചൂണ്ടിക്കാണിച്ചതുപോലെ മത്സ്യത്തൊഴിലാളികൾക്ക് ഐഡന്റിറ്റി കാർഡ് വിതരണം ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. പ്രീ-മെട്രിക് കാർഡ് മത്സ്യത്തൊഴിലാളികൾക്കെല്ലാം വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്. അത് കൊച്ചി പ്രദേശത്തെ മത്സ്യത്തൊഴിലാളികൾക്കും ഉടനെ വിതരണം ചെയ്യുന്നതാണ്. യാതൊരു നിരോധനവും ആ മേഖലയിൽ ഇല്ല എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഡോ. ടി. എം. തോമസ് ഐസക്: ഇപ്പോൾ വായിച്ച കത്തിന് മുമ്പ് നേവി സർക്കാരിന് ഒരു കത്തെഴുതിയിരുന്നു. ആ കത്തിലുള്ളത് എന്താണ്?

ശ്രീ. കെ. ബാബു: ഒരു കത്തും സർക്കാരിന് എഴുതിയിട്ടില്ല. ജില്ലാ കളക്ടർക്കാണ് കൊടുത്തത്. ആ കത്തിൽ പറഞ്ഞ കാര്യം തന്നെയാണ് കളക്ടർ വിളിച്ചുകൂട്ടിയ യോഗത്തിൽ ഇവരെല്ലാം പങ്കെടുത്ത യോഗത്തിൽ നേവി അധികൃതർ പറഞ്ഞിട്ടുള്ളത്. ഞാൻ ഈ സബ്മിഷൻ വന്ന സാഹചര്യത്തിൽ അവരുടെ നിലപാട് ചോദിച്ചുകൊണ്ട് വീണ്ടും ആവശ്യപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ അവർ തന്ന കത്താണ്.

യഥാർത്ഥത്തിൽ ഒരു പുകമറ സൃഷ്ടിച്ചുകൊണ്ടുള്ള സമരമാണ് നടത്തിയത്. ഇങ്ങനെയൊരു പ്രശ്നമില്ല.

**ഫിഷിംഗ് ഹാർബർ നിർമ്മാണം**

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, മലപ്പുറം ജില്ലയിലെ താനൂർ കേരളത്തിലെ ഏറ്റവും കൂടുതൽ ഇൻബോർഡ് വള്ളങ്ങളുള്ള തീരപ്രദേശങ്ങളിലൊന്നാണ്. ഇവിടെ ഒരു ഫിഷിംഗ് ഹാർബറിന് വേണ്ടിയുള്ള മുറവിളി തുടങ്ങിയിട്ട് വർഷങ്ങളേറെയായി. ഈ സർക്കാർ കഴിഞ്ഞ ബഡ്ജറ്റിൽ ഈ സാമ്പത്തിക വർഷം യാഥാർത്ഥ്യമാക്കുമെന്ന് പ്രഖ്യാപിച്ചതാണ്. അതിന്റെ എല്ലാ പഠനങ്ങളും പൂർത്തിയായി പരിസ്ഥിതി വകുപ്പിന്റെ ക്ലിയറൻസും ലഭ്യമായി ഡൽഹിയിൽ നിന്ന് ഭരണാനുമതി ആയിക്കഴിഞ്ഞു എന്നാണ് അറിയാൻ കഴിഞ്ഞത്. ഇപ്പോൾ സംസ്ഥാന സർക്കാരിന്റെ അനുമതി ലഭ്യമാക്കി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികളാണ് അടിയന്തിര പ്രാധാന്യമായി വേണ്ടത്. അതുകൊണ്ട് എത്രയും പെട്ടെന്ന് പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഈ സാമ്പത്തിക വർഷം തന്നെ താനൂർ ഫിഷിംഗ് ഹാർബറിന്റെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, മലപ്പുറം ജില്ലയിലെ താനൂരിൽ ഒരു പുതിയ മത്സ്യബന്ധനതുറമുഖം നിർമ്മിക്കുന്നതിനുള്ള അന്വേഷണ ഗവേഷണ പ്രവർത്തികൾക്കായി 4-1-2012-ൽ 22 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുക

യുണ്ടായി. അതുപ്രകാരം അന്വേഷണ ഗവേഷണ പ്രവൃത്തികളും പൂനെയിലെ CWPRS മുഖേന മാതൃകാപഠനവും പൂർത്തീകരിച്ചു. M/s. Envirochem Laboratories Private Limited മുഖേന പരിസ്ഥിതി ആഘാതപഠനവും പൂർത്തീകരിച്ചു. സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിൽ നിന്നും CRZ report ഉം കേരളസ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സമ്മതപത്രവും ലഭ്യമായിട്ടുണ്ട്. 3-11-2012-ൽ State Expert Appraisal Committee Meeting നടന്നു. ടി മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിനുള്ള EIA Clearance, State Environment Impact Assessment Authority-ൽ നിന്നും ഉടൻതന്നെ ലഭ്യമാകുന്നതാണ്. താനൂർ മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിനായി 75% കേന്ദ്ര ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 4487 ലക്ഷം രൂപയുടെ കേന്ദ്ര സർക്കാരിന്റെ ഭരണാനുമതി 30-11-2012-ന് ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ 850 മീറ്റർ, 1050 മീറ്റർ നീളത്തിൽ രണ്ട് പുലിമുട്ടുകൾ, 120 മീറ്റർ വാർഫ്, 900 ചതുരശ്രമീറ്റർ ലേലപ്പുര, 9300 ചതുരശ്രമീറ്റർ റോഡുകൾ മറ്റനുബന്ധ കെട്ടിടങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. 160 എണ്ണം 8m FRP boat, 50 എണ്ണം 12m Trawl boat, 60 എണ്ണം 16m Ring seine unit എന്നിവയ്ക്ക് പ്രയോജനം ലഭ്യമാകുന്ന തരത്തിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതിയുടെ പൂർത്തീകരണത്തോടെ പ്രതിവർഷം 16420 ടൺ

Uncorrected / not for publication

മത്സ്യം ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനായി ഈ വർഷത്തെ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷനായി മൂന്നു കോടി രൂപ കേന്ദ്ര സർക്കാർ 20-11-2012-ൽ അനുവദിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിച്ചാൽ ഈ സാമ്പത്തികവർഷം തന്നെ താനൂരിലെ മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ സാധിക്കും.

## കടവൂർ വില്ലേജ് നിവാസികൾക്ക് പട്ടയം

ശ്രീ. ജോസഫ് വാഴക്കൻ: സർ, മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ കടവൂർ വില്ലേജിൽ 111/1 സർവ്വേ നമ്പറിൽ വനഭൂമി ജണ്ട കെട്ടിതിരിച്ചിരിക്കുന്നതിനുപുറത്ത് 400 ഏക്കറോളം ഭാഗത്ത് ഏകദേശം 500 കുടുംബങ്ങൾ 1977 മുതൽ താമസിച്ചുവരികയാണ്. ഈ ഭൂമിക്ക് പട്ടയം ലഭിക്കാത്തതിനാൽ ഇവർക്ക് വീട്ടുനമ്പർ, റേഷൻ കാർഡ്, കറണ്ട് കണക്ഷൻ ഉൾപ്പെടെ സർക്കാരിൽ നിന്ന് കിട്ടേണ്ട ആനുകൂല്യങ്ങളൊന്നും ലഭിക്കുന്നില്ല. ഇവരുടെ പ്രാഥമികാവശ്യങ്ങളായ പാർപ്പിടം, കക്കൂസ്, കിണർ എന്നിവയ്ക്ക് പഞ്ചായത്തിൽ നിന്ന് ആനുകൂല്യങ്ങൾ പോലും നൽകാൻ സാധിക്കാത്ത അവസ്ഥയിലാണ്. 17-08-2012-ൽ കടവൂരിൽ നാലാം ബ്ലോക്കിൽ ഉരുൾപൊട്ടൽ ഉണ്ടായ സ്ഥലത്തിനോട് ചേർന്ന് കിടക്കുന്നതാണ് ഈ സ്ഥലങ്ങൾ. അതിനാൽ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ടി കുടുംബങ്ങൾക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുവേണ്ട കൈവശരേഖ, വീട്ടുനമ്പർ എന്നിവ ലഭിക്കുന്നതിന് പട്ടയം നൽകുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മുൻ ഗവൺമെന്റിന്റെ കാലത്ത് ഇക്കാര്യം പരിശോധിച്ച് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ഒരു സ്പെഷ്യൽ തഹസീൽദാരെ കോതമംഗലം താലൂക്കിൽ നിയോഗിച്ചിരുന്നു. എന്നാൽ ടി തഹസീൽദാരുടെ അന്വേഷണ പരിധിയിൽ കോതമംഗലം താലൂക്കിൽപ്പെട്ട ഏറ്റവും കൂടുതൽ പ്രശ്നമുള്ള കടവൂർ വില്ലേ

ജിനെ ഉൾപ്പെടുത്തിയിട്ടില്ല എന്നാണ് അറിയുന്നത്. ആയതിനാൽ കടവൂർ വില്ലേജിനെക്കൂടി ഉൾപ്പെടുത്താനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, കോതമംഗലം താലൂക്കിലെ കടവൂർ വില്ലേജിൽ സർവ്വേ നമ്പർ 111/1-ൽപ്പെട്ട വനഭൂമിയിൽ 01-01-1977-നുമുമ്പ് കയ്യേറി കുടിൽകെട്ടി താമസിച്ചുവരുന്നവർക്ക് റവന്യൂ-വനം വകുപ്പുകൾ സംയുക്തമായി നടത്തിയ പരിശോധനയ്ക്കുശേഷം ലിസ്റ്റ് തയ്യാറാക്കി കൈവശഭൂമിക്ക് ഇതിനോടകംതന്നെ പട്ടയം നൽകിയിട്ടുള്ളതാണ്. കടവൂർ വില്ലേജിൽ പട്ടയം ലഭിക്കാത്ത ധാരാളം കുടുംബങ്ങൾ ഇപ്പോഴുമുണ്ട്. ടി ആളുകൾക്ക് പട്ടയം നൽകണമെങ്കിൽ 01-01-1977- നുമുമ്പ് വനഭൂമിയിലെ താമസക്കാരായിരുന്നുവെന്നും അങ്ങനെയെങ്കിൽ ഇതിനായി നടത്തിയിരുന്ന വനം-റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന പ്രകാരം തയ്യാറാക്കിയിരുന്ന പട്ടികയിൽ ഇവരുടെ പേര് ഉൾപ്പെട്ടിട്ടുണ്ടോ എന്നും പരിശോധിക്കേണ്ടതുണ്ട്. 01-01-1977-നുശേഷമുള്ള കയ്യേറ്റമാണെങ്കിൽ അത്തരം കേസുകളിൽ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ആവശ്യമുള്ള പരിശോധന നടത്തി ഭൂമി പതിച്ചുനൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. മേൽപ്പറഞ്ഞ ആളുകൾ ഇത്തരം വിഭാഗത്തിൽ ഉൾപ്പെടാത്തതാണെങ്കിൽ അവരെക്കൂടി ഉദ്ദേശിച്ചുകൊണ്ടാണ് സംസ്ഥാന സർക്കാർ 'സീറോ

ലാന്റ്‌ലെസ്-2015’ എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. അത്തരത്തിൽ അപേക്ഷ സ്വീകരിച്ച് പ്രാഥമികമായ പരിശോധനയ്ക്കുശേഷം 2,33,232 പേരുടെ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച ഈ വിഷയത്തിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുകയും ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

**ഭൂവുടമകൾക്ക് കൈവശാവകാശ സർട്ടിഫിക്കറ്റ്**

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ഉടുമ്പൻചോല താലൂക്കിൽ ഉൾപ്പെട്ട ആനവിലാസം വില്ലേജിലെ ഭൂമി കൈവശം വച്ച് ഭൂനികുതി ഒടുക്കിക്കൊണ്ടിരുന്ന 348 കൃഷിക്കാരായ ഭൂവുടമകൾക്ക് ഇപ്പോൾ കൈവശാവകാശ സർട്ടിഫിക്കറ്റോ കരം അടയ്ക്കുന്നതിനോ യാതൊരു നിവൃത്തിയുമില്ല. സ്പൈസസ് ബോർഡിന്റെ അടക്കമുള്ള ആനുകൂല്യങ്ങൾ അവർക്ക് നഷ്ടമാകുന്ന സാഹചര്യമുണ്ട്. ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ കഴിയാത്ത പ്രശ്നങ്ങളുണ്ട്. സർവ്വേ ഉദ്യോഗസ്ഥന്മാർ നടത്തിയിട്ടുള്ള പിഴവ് മൂലമാണ് ജനങ്ങൾക്ക് ഈ ദുരിതമുണ്ടായത് എന്നുള്ളതാണ് രേഖകളിൽ നിന്ന് മനസ്സിലാക്കുന്നത്. പ്രൊവിഷണലായി കരം സ്വീകരിച്ച് ഇവർക്ക് സർട്ടിഫിക്കറ്റുകൾ നൽകുന്നതിനും അതോടൊപ്പം തന്നെ കൃഷിക്കാർക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും ഗവൺമെന്റ് അടിയന്തരമായി ഇടപെടണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ഉടുമ്പൻചോല താലൂക്ക് ആനവിലാസം വില്ലേജിലെ സർവ്വേ അദാലത്ത് നടപടികൾ സംബന്ധിച്ച് സർവ്വേ വിജിലൻസ് വിഭാഗം 10-03-2010 മുതൽ 12-03-2010 വരെ ബന്ധപ്പെട്ട ഓഫീസുകളിൽ പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ 20-03-2010-ൽ സർവ്വേ ഡയറക്ടർക്ക് നൽകിയ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ സർവ്വേ ഡയറക്ടർ വിശദമായ

അന്വേഷണത്തിന് ശുപാർശ ചെയ്തിട്ടുണ്ട്. അശാസ്ത്രീയമായി നടന്ന റീസർവ്വേ നടപടികൾ മൂലം ചുരുങ്ങിയ സമയം റീസർവ്വേ പൂർത്തിയാക്കി റെക്കോർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയതുമൂലമാണ് അദാലത്ത് പരാതികൾ കൂടുതലായി ഉണ്ടായതെന്നും ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. അനധികൃതമായി പിടിച്ച തണ്ടപ്പേരുകൾ റദ്ദ് ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കാൻ ജില്ലാകളക്ടർ ലാന്റ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. അതിന്റെ ഭാഗമായി ബന്ധപ്പെട്ട തണ്ടപ്പേരുകളിൽ താൽക്കാലികമായി കരം അടവ് നിർത്തിവച്ചിട്ടുള്ളതും പരിശോധനാനടപടികൾ തുടർന്നുവരി കയുമാണ്. പരിശോധനാനടപടികൾ അടിയന്തരമായി പൂർത്തിയാക്കി ക്രമക്കേടുകൾ ഇല്ലാത്ത തണ്ടപ്പേരുകളിൽ കരം അടവുകൾ പുന:സ്ഥാപി ക്കുന്നതാണ്.